No. 176 February 2003

# KERALA PRIVATE COLLEGE TEACHER




THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

# വി. സാംബശിവൻെറ
# കഥാപ്രസംഗ കലാ പാരമ്പര്യം



## A DOLLS HOUSE

❖

## DUBROVSKY

❖

## FAR FROM THE MADDING CROWD

തുടങ്ങിയ 15 വിശ്വസാഹിത്യ കൃതികൾ
അവതരിപ്പിക്കുന്നു.

ഏററവും പുതിയത്

## വിലയ്ക്കുവാങ്ങാം
(ബിമൽ മിത്ര)

പ്രൊഫ. വസന്തകുമാർ സാംബശിവൻ
കൊല്ലം-691 012
ഫോൺ: 0474- 2796369
മൊബൈൽ: 9846014891



KERALA PRIVATE
COLLEGE TEACHER

MONTHLY
JOURNAL OF
THE AKPCTA

No. 176 February 2003



EDITORIAL BOARD

*Chief Editor*
K.JAGANNATHAN NAIR

*Managing Editor*
S.JAYARAJKUMAR

*Assistant Editor*
V.JAYAKUMAR

*Members*
Thomas Joseph
A. Prathapachandran Nair
V. Rajagopal
M.P. Vijayalekshmi
K. Sasidharan
T.N.Manoharan
R.B.Rajalekshmi
M.Shahul Hameed
G.S.Suresh
M.S.Vasanthakumar
C.R.Prasad
Mathew J.Muttath
K.S.Pavithran
N.Rajan
Soman Nadar
T.A.Sudhakarakurup
Indulal



No. 176

CONTENTS


അന്താരാഷ്ട്ര ലോബികളുടെ. അധിനിവേശം
പ്രൊഫ. ജോസ് മാത്യു

●

പർവ്വതനിരയുടെ പനിനീർ
പ്രൊഫ. എം.എസ്.വസന്തകുമാർ

Poem-Irrational
**Prof. P. Anilkumar**

●

നിയമ യുദ്ധത്തിലേക്ക്
പ്രൊഫ. വി. എൻ. മുരളി

●

പാരിസ്ഥിതിക സ്ത്രീവാദം
ഡോ. മിനിപ്രസാദ്

●

മാനസപ്പൊങ്കാല (കവിത)
പ്രൊഫ. വി.കെ.എൻ.കൈമൾ

●

പാഠാന്തരം (കഥ)
പ്രൊഫ. പി.ആർ.ഹരികുമാർ

●

ഗുരുദക്ഷിണ (കവിത)
പ്രൊഫ. എസ്. അജയഘോഷ്

• Editorial • Economic Focus • Sports line
• ശാസ്ത്രജാലകം • സർവീസ് പംക്തി
• സർക്കാർ ഉത്തരവുകൾ


**visit www.akpcta.org**

## എഡിറ്റോറിയൽ

# സേവന വ്യവസ്ഥകൾ അട്ടിമറിക്കുന്നു

കേരളത്തിലെ സ്വകാര്യ കോളജധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ പാടെ അട്ടിമറിക്കുന്ന ഉത്തരവുകളാണ് വകുപ്പുമന്ത്രിയുടെ ഓഫീസുകളിൽ നിന്നും പുറത്തു വന്നുകൊണ്ടിരിക്കുന്നത്. മന്ത്രിയുമായി പലവട്ടം നടത്തിയ ചർച്ചകളിൽ ഉയർന്നു വരാത്ത നിബന്ധനകളാണ് ഈ ഉത്തരവുകളിൽ ചേർത്തിട്ടുള്ളത്. ആറു വർഷത്തെ സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് യു.ജി.സി ശമ്പളനിരക്കിന് അർഹതയുണ്ടായിരുന്നത് ഒരു സർക്കുലറിലൂടെ വിദ്യാഭ്യാസ ഡയറക്ടർ തടഞ്ഞു. യു.ജി.സി. ശമ്പളപരിഷ്കാര ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കരിയർ അഡ്വാൻസ്മെന്റ് തടഞ്ഞുകൊണ്ട് ഉന്നതവിദ്യാഭ്യാസവകുപ്പ്തന്നെ നിർദ്ദേശം നൽകി. യു.ജി.സി നിബന്ധനകൾക്കും സർവ്വകലാശാല വ്യവസ്ഥകൾക്കും സർക്കാർ നിയമങ്ങൾക്കും, കോടതി ഉത്തരവുകൾക്കും നിരക്കാത്ത തരത്തിലുള്ളതാണ്. പ്രീ ഡിഗ്രി വേർപെടുത്തിയപ്പോൾ കോളജുകളിൽ ധാരാളം അധ്യാപകർ അധികമായുണ്ടെന്ന് കാണിക്കാൻ അധ്യാപകരുടെ പ്രവൃത്തി ഭാരത്തിൽ ഗണ്യമായ മാററം വരുത്തി. എട്ടുമണിക്കൂർ അധികമുണ്ടെങ്കിൽ മാത്രമേ ഒരു തസ്തിക നിലനിൽക്കുകയുള്ളൂവെന്ന വ്യവസ്ഥ നടപ്പിലാക്കി. ഇതിന്റെ ഫലമായി കേരളത്തിലെ പല കോളജുകളിലും ചില വിഷയങ്ങൾക്ക് സ്ഥിരം അധ്യാപകരില്ലാതായി. ഇത് വിദ്യാർത്ഥികളേയും അധ്യാപകരേയും ഒരുപോലെ ദോഷമായി ബാധിച്ചു.

കേരളത്തിൽ കോളജധ്യാപകർക്ക് യു.ജി.സി. ശമ്പളപരിഷ്ക്കാരം നടപ്പിലാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ. (GO (P) No. 171/99/H. Edn/ dated 21-12-1999) അപാകതകൾ എ.കെ.പി.സി.ടി.എ ചൂണ്ടിക്കാട്ടി. കഴിഞ്ഞ ഗവൺമെന്റ് ചില കാര്യങ്ങളിൽ പരിഹാരം കണ്ടെത്തി. ഇനിയും പരി

ഹാരം കണ്ടെത്തേണ്ട പ്രശ്നങ്ങളോട് അനുഭാവം ഇല്ലെന്നു മാത്രമല്ല അധ്യാപകരെ ശത്രുക്കളായിക്കണ്ട് യു.ജി.സി. ഉത്തരവിലെ വ്യവസ്ഥകൾ ദുർവ്യാഖ്യാനം ചെയ്തു തന്നിഷ്ടപ്രകാരം നിയമനിർമ്മാണം നടത്തി അധ്യാപകരെ ദ്രോഹിക്കുകയാണ് ഈ സർക്കാർ ചെയ്യുന്നത്.

സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ്, റീഡർ തസ്തികകളിലേക്ക് സമയബന്ധിതമായി ലഭിച്ചുകൊണ്ടിരുന്ന പ്ളെയ്സ്മെന്റ് വ്യവസ്ഥ തടഞ്ഞുവച്ചിരിക്കുന്നു. 1-4-1990 ന് മുൻപ് നിയമനം ലഭിച്ച അധ്യാപകർക്ക് മാത്രമായി പ്ളെയ്സ്മെന്റ് നിജപ്പെടുത്തിക്കൊണ്ടാണ് ഉദ്യോഗസ്ഥ നിലപാട് സ്കീം, സ്കെയിൽ ഭേദമില്ലാതെ എല്ലാ അധ്യാപകർക്കും സമയബന്ധിത പ്രമോഷന് അർഹതയുണ്ടെന്ന സർക്കാർ ഉത്തരവിന് എതിരാണിത്.

അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകളിൽ മാത്രമല്ല വിദ്യാഭ്യാസരംഗത്താകെ ദീർഘവീക്ഷണമില്ലാതെ നടപ്പിലാക്കിയിരിക്കുന്ന പരിഷ്കാരങ്ങളിലെല്ലാം തന്നെ കേരളത്തിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ശക്തമായ എതിർപ്പുണ്ട്. ഉത്തരവുകളിറക്കുകയും, ഉടൻ തന്നെ റദ്ദാക്കുകയും ചെയ്യുന്ന പ്രവർത്തനം കൊണ്ട് വകുപ്പ് ഭരണം സജീവമാക്കാൻ ശ്രമിക്കുന്ന മന്ത്രിയും, വകുപ്പ്തലവന്മാരും വേണ്ടത്ര സമചിത്തത പ്രകടിപ്പിക്കാനും, പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ശ്രമിക്കണമെന്ന് വീണ്ടും വീണ്ടും അഭ്യർത്ഥിക്കുകയാണ്. യൂണിവേഴ്സിററി പരീക്ഷകൾ സമീപിച്ചിരിക്കുന്ന ഈ വേളയിൽ അധ്യാപകരെ തെരുവിലിറക്കാൻ ശ്രമിക്കരുത്.

# കരിങ്കാലിക്ക് പാരിതോഷികം

മലയാള ഭാഷയേയും,സാഹിത്യത്തേയും, സംസ്കാരത്തേയും പരിപോഷിപ്പിക്കുന്നതിന് വേണ്ടി പ്രവർത്തിച്ചുവരുന്ന ഒരു മഹത്സ്ഥാപനമാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. ഭരണ ഭാഷാ മലയാളമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ലോകസാഹിത്യത്തിലെയും, ശാസ്ത്ര, സാങ്കേതിക, സാമ്പത്തിക, ചരിത്ര വിഷയങ്ങളിലെ പ്രസിദ്ധകൃതികളും, ഇന്ത്യയിലെ ഇതര ഭാഷകളിലെ അമൂല്യ കൃതികളും, വൈജ്ഞാനിക മേഖലയിൽ ശ്രദ്ധേയമായ മററു ഗ്രന്ഥങ്ങളും മലയാളത്തിലേയ്ക്ക് മൊഴിമാററം ചെയ്യുന്ന പ്രവർത്തനങ്ങൾ, മലയാള ഭാഷയിലെ പ്രസിദ്ധരായ എഴുത്തുകാരുടെ കൃതികൾ പ്രകാശനം ചെയ്യുന്ന പ്രവർത്തനങ്ങൾ എന്നിവ ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യങ്ങളാണ്. ഈ പ്രവർത്തനങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചവരോ, സാഹിത്യ സാംസ്കാരികരംഗത്ത് ഏറെ അറിയപ്പെടുന്നവരോ, ഭാഷാ പണ്ഡിതന്മാരോ ആണ് ഇതുവരെ ഈ സ്ഥാപനത്തിന്റെ നേതൃത്വം വഹിച്ചിരുന്നത്. പ്രസിദ്ധകവിയും, നിരൂപകനും, ഭാഷാപണ്ഡിതനുമായിരുന്ന ഡോ. എൻ.വി.കൃഷ്ണവാര്യർ, പ്രസിദ്ധ സാഹിത്യകാരനും, പണ്ഡിതനും, സാംസ്കാരിക പ്രവർത്തകനമുമായ ഡോ. ഏ.എൻ.പി. ഉമ്മർക്കുട്ടി എന്നിവരിൽ തുടങ്ങി പ്രസിദ്ധ നിരൂപകനായ പ്രൊഫ. തോമസ് മാത്യു വരെയുള്ള ഭാഷാ സ്നേഹികളാണ് ഈ സ്ഥാപനത്തിന്റെ ഡയറക്ടർ പദവി അലങ്കരിച്ചിരുന്നത്. ഇടതു-വലത് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മാറിമാറി ഭരണത്തിലെത്തിയപ്പോഴും ഈ സ്ഥാപനത്തെ അവഹേളിക്കുന്ന തരത്തിലുള്ള നിയമനം നടത്താൻ ശ്രമിച്ചതായി അറിവില്ല.

എന്നാൽ ഇക്കഴിഞ്ഞ ദിവസങ്ങളിൽ പത്രങ്ങളിൽ വന്ന ഒരു നിയമനവാർത്ത ഞെട്ടലോടുകൂടിയാണ് മലയാളികൾ വായിച്ചത്. ആദരണീയനായ ഡോ. എൻ.വി.കൃഷ്ണവാര്യർ ഇരുന്ന കസേരയിലേക്ക് കരിങ്കാലിപ്പട്ടം മാത്രം കൈമുതലായുള്ള ഒരു കട്ലാസ് സംഘടനയുടെ നേതാവിനെ നിയമിച്ചിരിക്കുന്നു! ഈ വ്യക്തിയുടെ ഉററ സുഹൃത്തുക്കൾ പോലും മൂക്കത്ത് വിരൽവച്ചു പോയി! ഭാഷാ ഇൻസ്റ്റിററ്യൂട്ട് ഡയറക്ടറാകാനുള്ള ഏകയോഗ്യത 'കരിങ്കാലിപ്പട്ടം' മാത്രമാണെന്നവർ പറയുന്നു.

2002 ഫെബ്രുവരി 6 മുതൽ കേരളത്തിലെ ജീവനക്കാരും അധ്യാപകരും നടത്തിയ ഐതിഹാസികമായ സമരത്തിൽ കരിങ്കാലിപ്പണി ചെയ്തതിന് കുറെ വൈകിയാണെങ്കിലും സർക്കാർ നൽകിയ പാരിതോഷികമാണിത് എന്ന് കരുതുന്നു. മന്ത്രിമാരുടെ ഉപകാരസ്മരണ അപാരം തന്നെ! സമരം കലക്കാൻ കരിങ്കാലിപ്പണി ചെയ്തവർ ഇനിയും ശേഷിക്കുന്നുണ്ടെന്ന കാര്യം കൂടെ ഓർക്കേണമേ എന്ന് പ്രാർത്ഥന!

നമ്മുടെ ഭാഷയും സംസ്കാരവും സംരക്ഷിക്കാൻ എഴുത്തും വായനയും ദിനചര്യയുടെ ഭാഗമായി കാണുന്ന ഒരു മന്ത്രിയുണ്ടെന്ന ധാരണയും അസ്ഥാനത്തായോ? കുറഞ്ഞപക്ഷം മലയാള ഭാഷയെ സ്നേഹിക്കുന്ന ഒരാളെയെങ്കിലും കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട് ഡയറക്ടർ സ്ഥാനത്തേക്ക് കണ്ടെത്താമായിരുന്നു! മലയാളികളായ നമുക്ക് ലജ്ജിക്കാം! ■



# കൊല്ലം സമ്മേളനം വിജയിപ്പിക്കുക

എ കെ.പി.സി.ടി.എ 45-ാം സംസ്ഥാന സമ്മേളനം മാർച്ച് 7,8,9 തീയതികളിൽ കൊല്ലത്ത് നടക്കുകയാണ്. പ്രതിനിധിസമ്മേളനം, ഉദ്ഘാടനസമ്മേളനം, വിദ്യാഭ്യാസ-സാംസ്കാരിക ട്രേഡ്‌യൂണിയൻ സമ്മേളനം, പൊതുസമ്മേളനം, സർവ്വീസിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകർക്കുള്ള യാത്രയയപ്പ്, ആർ.ആർ.സി അനുസ്മരണ പ്രഭാഷണം, ക്ഷേമനിധി വിതരണം, കോളജ് വിദ്യാർത്ഥികൾക്കായി നടത്തുന്ന സാഹിത്യ മത്സരങ്ങളിൽ വിജയിക്കുന്നവർക്കുള്ള സമ്മാനദാനം ഇവയൊക്കെ സമ്മേളനത്തിന്റെ ഭാഗമാണ്. കൂടാതെ, സംഘടനയുടെ ശക്തിതെളിയിക്കുന്ന അദ്ധ്യാപക പ്രകടനം 8-ാം തീയതി വൈകുന്നേരം സംഘടിപ്പിക്കുന്നുമുണ്ട്. പ്രകടനാനന്തരം കലാപരിപാടികളും ആസൂത്രണം ചെയ്തിരിക്കുന്നു.

രണ്ടുപതിററാണ്ടുകൾക്കു ശേഷം കൊല്ലത്ത് എത്തുമ്പോൾ ഈ കാലയളവിൽ നാം നേടിയ നേട്ടങ്ങൾ നിസ്സാരമല്ലായെന്ന് കാണാൻ കഴിയും. 1983-ൽ കൊല്ലത്ത് സമ്മേളനം നടക്കുമ്പോൾ യുജിസി ശമ്പളം നമുക്ക് ലഭ്യമായിരുന്നില്ല. ദേശീയ തലത്തിൽ തന്നെ കേരളത്തിലെ കോളജദ്ധ്യാപകർക്ക് മാത്രമാണ് അന്ന് യുജിസി ശമ്പളം നിഷേധിക്കപ്പെട്ടിരുന്നത്. അതിനുശേഷം വന്ന നാലും അഞ്ചും യുജിസി ശമ്പളപരിഷ്കാരങ്ങൾ നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞു. അത്യുജ്ജ്വലമായ സമരപോരാട്ടങ്ങൾക്ക് ശേഷമാണ് നമുക്കത് കിട്ടിയത്. ഐഫക്ടോയുടെ നേതൃത്വത്തിൽ നടത്തിയ 1987-ലെ 33 ദിവസത്തെയും 1998-ലെ 26 ദിവസത്തെയും പണിമുടക്കങ്ങൾ പ്രത്യേകം ശ്രദ്ധ അർഹിക്കുന്നവയാണ്. +2 തലം കോളജുകളിൽ നിലനിന്നിരുന്ന സാഹചര്യത്തിൽ വന്ന യുജിസി പരിഷ്കാരം അതിന്റേതായ സങ്കീർണ്ണ പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്തു. മുഴുവൻ കോളജദ്ധ്യാപകർക്കും ഒരേദിവസം യുജിസി ശമ്പളം ലഭ്യമാക്കിക്കാൻ നമുക്ക് കഴിഞ്ഞില്ലായെങ്കിലും ക്രമേണ എല്ലാ ആളുകളെയും സ്കീമിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കാൻ നമുക്ക് കഴിഞ്ഞു. എന്നാൽ ഇക്കാര്യത്തിൽ തുടക്കം മുതൽ തന്നെ ഉദ്യോഗസ്ഥ വൃന്ദം നടത്തുന്ന തടസ്സപ്പെടുത്തലുകൾ ഇപ്പോഴും തുടരുകയാണ്.

ഈ കാലഘട്ടത്തിൽ തന്നെയാണ് കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് കാതലായ പുനഃസംഘടനയും നടന്നത്. സർവ്വകലാശാലകളുടേയും കോളജുകളുടേയും ഭാഗമായിരുന്ന പ്രീഡിഗ്രി പൂർണ്ണമായും ഉന്നതവിദ്യാഭ്യാസ രംഗത്തുനിന്നും അടർത്തിമാററുകയും കോളജുകളിൽ അധികം അദ്ധ്യാപകരുടെ പ്രശ്നം ഉണ്ടാവുകയും ചെയ്തു. അധികംവരുന്ന

അദ്ധ്യാപകരെ സ്ക്കൂളുകളിലേക്ക് നിർബന്ധപൂർവ്വം മാററുന്നതിന് സർക്കാർ ഭാഗത്തുനിന്നുണ്ടായ നീക്കത്തെ ചെറുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സർവകലാശാലയുടെ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകരെയെല്ലാം കോളജുകളിൽതന്നെ നിലനിർത്താൻ അദ്ധ്യാപകരുടെ സംഘടിത ശക്തിക്കു കഴിഞ്ഞിട്ടുണ്ട് എന്ന് നമുക്ക് അഭിമാനിക്കാം.

1986-ൽ രാജീവ്ഗാന്ധി കൊണ്ടുവന്ന പുത്തൻ വിദ്യാഭ്യാസ നയവും കേന്ദ്രസർക്കാർ അനുവർത്തിച്ചുവരുന്ന ആഗോളവൽക്കരണ - ഉദാരവൽക്കരണ - സ്വകാര്യവൽക്കരണ നയങ്ങളും ഇന്ന് ഉന്നതവിദ്യാഭ്യാസത്തെയാകെ കമ്പോളവൽക്കരിച്ചിരിക്കുകയാണ്. ഏകീകൃത സർവകലാശാല നിയമനിർമ്മാണത്തിലൂടെ സർവകലാശാലയുടെ ജനാധിപത്യ സ്വയംഭരണത്തെ തകർക്കാൻ 1993-ൽ നടത്തിയ ശ്രമം വമ്പിച്ച ജനകീയ പ്രക്ഷോഭം മൂലം പരാജയപ്പെട്ടെങ്കിലും വീണ്ടും അതിനുള്ള ശ്രമം സർക്കാർ നടത്തുകയാണ്.

വിദ്യാഭ്യാസത്തെ വ്യവസായമായി അംഗീകരിക്കുന്നതാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയം. 2005 ജനുവരിയിൽ 'ഗാട്ട്സ്' വ്യവസ്ഥകൾ പൂർണ്ണമായി നടപ്പിലാക്കുന്നതോടുകൂടി, നൂററാണ്ടുകളിലൂടെ നാം നേടിയെടുത്ത വിദ്യാഭ്യാസ-സാംസ്കാരിക രംഗത്തെ വികസനം എല്ലാവിധത്തിലും അട്ടിമറിക്കപ്പെടുമെന്നതിൽ സംശയമില്ല. കഴിഞ്ഞ ഒന്നരക്കൊല്ലം കൊണ്ട് ആയിരത്തോളം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി സംസ്ഥാന സർക്കാർ സാമൂഹിക നീതിയും ഗുണമേന്മയും അട്ടിമറിച്ചിരിക്കുകയാണ്: മെറിററ് അവഗണിക്കപ്പെടുകയും സമ്പത്തിനനുസരിച്ച് പരിഗണന നൽകുകയും ചെയ്യുന്നു. ഉന്നത നിലവാരം പുലർത്തുന്ന ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെപ്പോലും ആഗോള സാമ്പത്തിക ശക്തികളുടെ തീട്ടൂരങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന പരിശീലനക്കളരികളാക്കി മാററുകയാണ്. മൗലിക പഠന-ഗവേഷണങ്ങൾ അന്യംനിന്നു പോകുന്നതാണ് സ്ഥിതി. സർവകലാശാലകളുടെ 'ആട്ടോണമി' എടുത്തു കളയുമ്പോൾ തന്നെ കോളജുകൾക്ക് 'ആട്ടോണമി' നൽകുന്നുവെന്ന വ്യാജേന ലോകബാങ്കിന്റെയും മററും പൂർണ്ണ നിയന്ത്രണത്തിൻകീഴിൽ കൊണ്ടു വരികയാണ്. എന്ത് പഠിക്കണമെന്നും എങ്ങനെ പഠിക്കണമെന്നും ലോകബാങ്കിന്റെ വിദഗ്ധന്മാർ തീരുമാനിക്കും. സ്വാശ്രയ കോഴ്സുകൾ മാത്രം അനുവദിച്ചും അദ്ധ്യാപക തസ്തികകൾ ഒഴിച്ചിട്ടും എയ്ഡഡ് സംവിധാനത്തെ തകർക്കുകയാണ്. സർവീസ് സുരക്ഷാവ്യവസ്ഥകൾ ഓരോന്നായി പൊളിക്കുകയാണ്.

പ്രതിലോമകരമായ ഈ സ്ഥിതി നിലനിൽക്കുമ്പോൾ പോലും നിലവിലുള്ള വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഉതകുന്ന പല പരിപാടികളും എ.കെ.പി.സി.ടി.എ ആവിഷ്കരിച്ചിട്ടുണ്ട്. സമൂഹത്തിന്റെ ആശയാഭിലാഷങ്ങൾക്ക് അനുസൃതമായ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിനുതകുന്ന രീതിയിൽ സർവകലാശാലാവേദികളെ നാം ഫലപ്രദമായി പ്രയോജനപ്പെടുത്താറുണ്ട്. പഠനപ്രക്രിയ സുതാര്യവും ശക്തിമത്തുമാക്കുന്ന രീതിയിൽ 'സെമസ്റ്റർ സിസ്റ്റം' പി.ജി തലത്തിൽ കൊണ്ടുവരുന്നതിന് സംഘടന നിർലോഭമായ സഹായസഹകരണങ്ങൾ നൽകിവരികയാണ്. ഡിഗ്രി സെമസ്റ്ററൈസേഷന് സഹായകരമായ രീതിയിൽ എ.കെ.പി.സി.ടി.എയുടെ അക്കാദമിക് കമ്മിററി 17 വിഷയങ്ങളുടെ സിലബസ് തയ്യാറാക്കി സർക്കാരിനും സർവകലാശാലകൾക്കും സമർപ്പിച്ചു കഴിഞ്ഞു.

നിലവിലുള്ള ആനുകൂല്യങ്ങൾ കവർന്നെടുക്കുന്ന സർക്കാർ നയത്തിനെതിരെ 32 ദിവസത്തെ ഐതിഹാസികമായ പണിമുടക്കം നടന്നിട്ട് ഒരു വർഷം തികയുകയാണ്. ഒത്തുതീർപ്പ് വ്യവസ്ഥകൾ പാലിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. നിലവിലുള്ള ഉത്തരവുകളെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് 1990-നു ശേഷം സർവീസിൽ വന്ന അദ്ധ്യാപകർക്ക് യുജിസി ശമ്പളവും പ്രമോഷനും നിഷേധിക്കുകയാണ്. ഈ വിഭാഗത്തിലെ നിരവധി അദ്ധ്യാപകർക്ക് ശമ്പളവും പ്രമോഷനും നൽകാൻ കോടതി വിധിയുണ്ടായിട്ടും സർക്കാർ അനങ്ങാപ്പാറ നയം തുടരുന്നു. 'ബ്രോക്കൺ സർവീസ്', 'പി.എച്ച്.ഡി ഇൻസെന്റീവ്' എന്നീ കാര്യങ്ങളിൽ അദ്ധ്യാപകർക്കു നൽകിയ ഉറപ്പ് പാലിക്കാൻ സർക്കാർ കൂട്ടാക്കുന്നില്ല. 27-7-98-ൽ നിന്നും 1-1-96ലേക്ക് കരിയർ അഡ്വാൻസ്മെന്റ് തീയതി മാററുന്ന കാര്യത്തിലും മൂന്നാം പ്രമോഷന്റെ കാര്യത്തിലും കേന്ദ്രസർക്കാരും വാക്ക് പാലിക്കുന്നില്ല.

നമ്മുടെ രാജ്യത്തെ മൊത്തമായും തൊഴിൽ എടുത്ത് ഉപജീവനം നടത്തുന്നവരെയും അദ്ധ്യാപകരെയും പ്രത്യേകമായും ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ വിശദമായ ചർച്ചയ്ക്ക് വിഷയീഭവിപ്പിക്കേണ്ടതുണ്ട്. പുതിയ കടന്നാക്രമണങ്ങളെ ചെറുത്ത് നിൽക്കാൻ സമസ്ത ജനവിഭാഗങ്ങളുടെയും കൂട്ടായ്മയിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. അതിൽ പങ്കാളിത്തം വഹിക്കാൻ നമ്മുടെ സംഘടന സജ്ജമായി നിൽക്കേണ്ടതുണ്ട്. സംഘടനയ്ക്കു കൂടുതൽ കരുത്തേകാൻ കൊല്ലത്ത് നടക്കുന്ന 45-ാം സംസ്ഥാന സമ്മേളനത്തിന് കഴിയണം. സമ്മേളനത്തിന്റെ വിജയത്തിനായി എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. ■

# എ.കെ.പി.സി.ടി.എ ഉന്നതവിദ്യാഭ്യാസ കോളോക്യം - II

ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചുള്ള സുപ്രീം കോടതി വിധി സംബന്ധിച്ച എ.കെ.പി.സി.ടി.എ ഉന്നത വിദ്യാഭ്യാസ കോളോക്യം 2003 ജനുവരി 25 ശനിയാഴ്ച എറണാകുളത്ത് ആശീർഭവനിൽ നടക്കുകയുണ്ടായി. രാവിലെ 10 മണിക്ക് ആരംഭിച്ച ഒന്നാമത്തെ ഇന്റർ ആക്ടിവ് സെഷനിൽ ജസ്റ്റിസ് വി. ആർ.കൃഷ്ണയ്യർ, കെ.ടി.തോമസ് എന്നിവർ സുപ്രീം കോടതി വിധിയും കേരള ഹൈക്കോടതി അവസാനം കല്പിച്ച എഴുപത്തി അഞ്ച് ശതമാനം ന്യൂനപക്ഷ ക്വോട്ടയും സംബന്ധിച്ച് തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. എ.കെ.പി.സി.ടി.എ പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫ് സ്വാഗതവും സെക്രട്ടറി പ്രൊഫ. എസ്.ശിവരാമൻ നന്ദിയും ഈ സെഷനിൽ രേഖപ്പെടുത്തി. ന്യൂനപക്ഷ അവകാശങ്ങളെ സംബന്ധിച്ച് അദ്ധ്യാപകരുടെ നിരീക്ഷണങ്ങൾക്ക് മോഡറേറ്ററായി ജസ്റ്റിസ് കെ.ടി.തോമസ് വിശദമായ മറുപടി നൽകി.




കോളോക്യം ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ ഉദ്ഘാടനം ചെയ്യുന്നു.

പ്രമുഖ രാഷ്ട്രീയ കക്ഷിനേതാക്കൾ പങ്കെടുത്ത രണ്ടാമത്തെ പൊതു സെഷനിൽ പ്രതിപക്ഷ നേതാവ് സ. വി.എസ്.അച്യുതാനന്ദൻ, വിദ്യാഭ്യാസ മന്ത്രി ശ്രീ. നാലകത്ത് സൂപ്പ്, എറണാകുളം ഡി.സി.സി. പ്രസിഡന്റ് ശ്രീ കെ.പി.ധനപാലൻ, ശ്രീ. പി.രാജീവ് എന്നിവർ പങ്കെടുത്തു. ചിന്ത പത്രാധിപർ ശ്രീ.സി.പി.നാരായണൻ മോഡറേറ്ററായിരുന്നു. എ.കെ.പി.സി.ടി.എ.വെബ്സൈറ്റ് (www.akpcta.org) ശ്രീ.വി.എസ്.അച്യുതാനന്ദൻ ഈ സെഷന്റെ തുടക്കത്തിൽ ഉദ്ഘാടനം ചെയ്യുകയുണ്ടായി. എ.കെ.പി.സി.ടി.എ. അക്കാദമിക് കമ്മററിയുടെ ആഭിമുഖ്യത്തിൽ വിശദമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡിഗ്രിത




എ.കെ.പി.സി.ടി.എ യുടെ വെബ്സൈററ്
സ. വി. എസ്. അച്യുതാനന്ദൻ ഉത്ഘാടനം ചെയ്യുന്നു.

ലത്തിലെ 17 വിഷയങ്ങളുടെ സെമസ്റ്റർ മാതൃകയിൽ പരിഷ്ക്കരിച്ച സിലബസ്  വിദ്യാഭ്യാസ മന്ത്രി ശ്രീ. നാലകത്ത് സൂപ്പി കോളോക്യത്തിൻെറ വേദിയിൽ പ്രകാശനം ചെയ്തു. സിലബസുകളുടെ ആദ്യ സെററ് കേരള യൂണിവേഴ്സിററി വൈസ്ചാൻസിലർ ഡോ.ബി.ഇക്ബാൽ ഏററുവാങ്ങുകയുണ്ടായി.




ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ സ്വാഗതം ആശംസിച്ച ഈ സെഷനിൽ, സെക്രട്ടറി പ്രൊഫ. എ. പി. കുട്ടികൃഷ്ണനൻ സംഘടനാ വെബ്സൈററ് സംബന്ധിച്ചും അക്കാദമിക് കമ്മററി കൺവീനർ ഡോ.രാജൻ വറുഗീസ് മോഡൽ കരിക്കുലം സംബന്ധിച്ചും വിശദീകരണങ്ങൾ നൽകി.



എ.കെ. പി. സി. ടി. എ തയ്യാറാക്കിയ മോഡൽ കരിക്കുലം ബഹു. മന്ത്രി നാലകത്ത് സൂപ്പി പ്രകാശനം ചെയ്യുന്നു.

വൈസ് ചാൻസിലർമാർ പങ്കെടുത്ത മൂന്നാമത്തെ സെഷനിൽ ഡോ.ബി.ഇക്ബാൽ (കേരള യൂണിവേഴ്സിററി), ഡോ.എൻ.ഉണ്ണികൃഷ്ണൻ നായർ (കൊച്ചിൻ യൂണിവേഴ്സിററി), ഡോ.സിറിയക് തോമസ് (എം.ജി.യൂണിവേഴ്സിററി) എന്നിവർ പങ്കെടുത്തു. പുതുക്കിയ കരിക്കുലം സംബന്ധിച്ചും യൂണിവേഴ്സിററികളുടെ പ്രവർത്തനങ്ങളും കോളോക്യത്തിന്റെ മുഖ്യവിഷയത്തിന് ഉപരിയായി ഈ സെഷനിൽ ചർച്ചാ വിഷയമായി.

ആറു മണിക്കാരംഭിച്ച നാലാമത്തെ സെക്ഷനിൽ മാനേജ്മെന്റ് പ്രതിനിധികളായി മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ.ടി.ഒ.അബ്ദുള്ള, സെക്രട്ടറി ഫാ.മാത്യു മലേപറമ്പിൽ എന്നിവർ പങ്കെടുത്തു. പ്രിൻസിപ്പൾ കൗൺസിൽ സെക്രട്ടറി ഡോ. കെ.കെ.യൂനസ്കുട്ടിയും ഈ സെഷനിൽ പ്രസംഗിച്ചു. എ.കെ.പി.സി.ടി.എ. ട്രഷറർ പ്രൊഫ.കെ.ശശിധരൻ സ്വാഗതവും സെക്രട്ടറി പ്രൊഫ.വി.സി.ആന്റണി നന്ദിയും പ്രകടിപ്പിച്ച ഈ സെഷൻ രാത്രി 8.45 നാണ് അവസാനിച്ചത്. ഈ ഉന്നത വിദ്യാഭ്യാസ കോളാക്യത്തിൽ വിവിധ കോളജുകളിൽ നിന്ന് നൂററി ഇരുപത്തിയഞ്ചോളം അദ്ധ്യാപകർ പങ്കെടുത്തു. മോഡൽ കരിക്കുലത്തിന്റെ ഒരു സെററ് ബ്രാഞ്ചുകൾക്ക് വിതരണം ചെയ്യുകയുണ്ടായി. ന്യൂനപക്ഷ വിദ്യാഭ്യാസം സംബന്ധിച്ച സുപ്രീം കോടതി വിധി, കേരളത്തിന്റെ സാഹചര്യത്തിൽ വിപുലമായ ചർച്ചക്ക് വിധേയമാകുന്നതിൽ എ.കെ.പി.സി.ടി.എക്ക് നേതൃത്വപരമായ പങ്കു വഹിക്കാൻ ഈ കോളോക്യത്തിലൂടെ കഴിഞ്ഞു. ■

# അന്താരാഷ്ട്രലോബികളുടെ അധിനിവേശം

**പ്രൊഫ. ജോസ്മാത്യു**
എസ്.ബി.കോളജ്, ചങ്ങനാശ്ശേരി

സാമ്പത്തികനയം രൂപപ്പെടുത്തുന്നത് സാമ്പത്തിക ശാസ്ത്രജ്ഞന്മാരോ രാഷ്ട്രീയ നേതൃത്വങ്ങളോ ആണെന്ന ധാരണ തിരുത്തപ്പെട്ടിരിക്കുന്നു. ഇന്നിപ്പോൾ സാമ്പത്തിക ശക്തികളാണ് സാമ്പത്തികനയം നിർണ്ണയിക്കുന്നത്. സാമ്പത്തികനയം ഈ ശക്തികളുടെ നിലപാടുകൾ അനുസരിച്ച് മാറിക്കൊണ്ടിരിക്കും. സ്വാതന്ത്ര്യം എന്ന വാക്കിനെ ഇന്ത്യയിലെ അർത്ഥം വിദേശീയരിൽ നിന്ന് ഇന്ത്യയിലെ രാഷ്ട്രീയ നേതൃത്വത്തിലേക്കുള്ള അധികാര കൈമാററം എന്നതായിരുന്നു. ഈ വിഭാഗത്തിന് അവരുടേതായ സാമ്പത്തിക താൽപര്യം ഉണ്ടാകും. ഭരണകൂടത്തെ നിയന്ത്രിക്കുവാനും വരുതിയിലാക്കുവാനും ശ്രമിച്ചുകൊണ്ടിരിക്കും.

ഭരണകൂടത്തെ ശക്തിപ്പെടുത്തുകയും സ്റേററിനെ വികസനപ്രവർത്തനങ്ങളിൽ സജീവപങ്കാളിത്തവും നേതൃത്വവും ഉറപ്പുവരുത്തുകയും സമ്പദ്വ്യവസ്ഥയുടെ തന്ത്രപ്രധാന മേഖലകളിൽ സ്റേററിന്റെ സമ്പൂർണ്ണ ആധിപത്യം സ്ഥാപിക്കുകയുമാണ് ഇന്ത്യയുടെ പഞ്ചവത്സര പദ്ധതികളുടെ ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുള്ളത്. ജവഹർലാൽ നെഹ്റു തന്റെ പ്രസംഗങ്ങളിൽ സ്റേററിന്റെ പ്രാധാന്യത്തെക്കുറിച്ച് ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. വൻകിട വ്യവസായശാലകളെയും അണക്കെട്ടുകളെയും ആധുനിക ഭാരതത്തിന്റെ പുണ്യകേന്ദ്രങ്ങളായിട്ടാണ് നെഹ്റു ചിത്രീകരിച്ചിട്ടുള്ളത്.

എന്നാൽ ഇന്നു കാര്യങ്ങൾ നേരെ കീഴ്മേൽ മറിഞ്ഞിരിക്കുന്നു. എല്ലാ മേഖലകളിൽ നിന്നും സ്റേററ് അഥവാ ഭരണകൂടം പിന്നോട്ടു പോയിരിക്കുകയാണ്. രാഷ്ട്രീയ നേതൃത്വത്തിൽ നിന്നും സാമ്പത്തിക അധികാരം വ്യാപാര-വാണിജ്യ ലോബികൾ കൈടക്കിക്കൊണ്ടിരിക്കുന്നു. ഉദാരവത്ക്കരണത്തിന്റെയും ആഗോളവത്ക്കരണത്തിന്റെയും മറവിൽ അധികാരം ആഭ്യന്തര ബിസിനസ്സ് ക്ലാസ്സുകളിലേക്കും അവർ വഴി ബഹുരാഷ്ട്രകുത്തക കമ്പനികളിലേക്കും മാറിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ പത്തു വർഷമായി ഇതു നടന്നുകൊണ്ടിരിക്കുകയാണ്. അധികാരകൈമാററത്തിന്റെ പിന്നോട്ട് പോക്കാണ് ഇത്. വിദേശികളിൽ നിന്നും അധികാരം പിടിച്ചുവാങ്ങീട്ട് അമ്പതുവർഷങ്ങൾ കഴിഞ്ഞപ്പോൾ വീണ്ടും അവരുടെ കൈകളിലേക്ക് ഇന്ത്യയുടെ കടിഞ്ഞാൺ നമ്മുടെ പുതിയ രാഷ്ട്രീയ നേതൃത്വങ്ങളുടെ പങ്കാളിത്തത്തോടെ കൈമാറിക്കൊണ്ടിരിക്കുകയാണ്.

ഉദാരവത്ക്കരണമെന്നത് ശരിക്കും അധികാരത്തിന്റെ കൈമാററമാണ്. അന്തർദേശീയ ബിസിനസ്സ് ലോബിയുടെ കൈകളിലേക്കുള്ള കൈമാററമാണ്. ലോകത്തൊട്ടാകെ ഭരണവർഗമായി ബിസിനസ്സ് ലോബി മാറിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഏററവും വലിയ ഉദാഹരണം അമേരിക്കയാണ്. അമേരിക്കൻ ഭരണ നേതൃത്വം ബിസിനസ്സ് ലോബി ഏറെറടുത്തു കഴിഞ്ഞു. പ്രസിഡന്റ് ആകുന്നതിനുമുൻപ് ജോർജ്ജ് ബുഷ് വലിയൊരു ബിസിനസ്സ് എക്സിക്യൂട്ടീവ് ആയിരുന്നു. ബുഷിന്റെ കൂടെ ചേരുന്നതിനുമുൻപ് വൈസ്പ്രസിഡന്റ് ഡിക്ചെയനിയും പ്രതിരോധ സെക്രട്ടറി റംസ്ഫെൽഡും പ്രെട്രോളിയവുമായി ബന്ധപ്പെട്ട വൻകിട കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരായിരുന്നു.

പാശ്ചാത്യരാജ്യങ്ങളിലെ ബിസിനസ്സ് എന്നത് ശരിക്കും വലിയ ബിസിനസ്സ് തന്നെയാണ്. ഇന്ത്യയുടെ

ദേശീയ വരുമാനത്തേക്കാൾ വലിയ തുകയാകും പല വമ്പൻ കമ്പനികളുടെയും പ്രതിശീർഷ വരുമാനം.

നമ്മുടെ രാജ്യത്തെ ബിസിനസ്സ് ലോബിക്ക് ഇന്നും അന്തർദേശീയ ബിസിനസ്സ് ലോബിയുമായിട്ടാണ് കൂടുതൽ അടുപ്പം. രാഷ്ട്രീയ നേതൃത്വങ്ങളോട് ഇന്നും പഴയപോലെ ചങ്ങാത്തമില്ല. രാഷ്ട്രീയ നേതൃത്വങ്ങളുടെ സ്വാധീനവും പിടിപാടും സാവധാനം കുറഞ്ഞു

**എല്ലാ മേഖലകളിൽ നിന്നും സ്റേററ് അഥവാ ഭരണകൂടം പിന്നോട്ടു പോയിരിക്കുകയാണ്. രാഷ്ട്രീയ നേതൃത്വത്തിൽ നിന്നും സാമ്പത്തിക അധികാരം വ്യാപാര–വാണിജ്യ ലോബികൾ കൈടക്കിക്കൊണ്ടിരിക്കുന്നു. ഉദാരവത്ക്കരണത്തിന്റെയും ആഗോളവത്ക്കരണത്തിന്റെയും മറവിൽ അധികാരം ആഭ്യന്തര ബിസിനസ്സ് ക്ലാസ്സുകളിലേക്കും അവർ വഴി ബഹുരാഷ്ട്രകുത്തക കമ്പനികളിലേക്കും മാറിക്കൊണ്ടിരിക്കുന്നു.**

കൊണ്ടിരിക്കുകയാണ്. രണ്ടു വർഷം മുൻപ് ഇന്ത്യയിലെത്തിയ മുൻ അമേരിക്കൻ പ്രസിഡന്റ് ബിൽ ക്ലിന്റൺ മുംബൈയിൽ ബിസിനസ്സുകാരുമായാണ് കൂടുതൽ സമയം ചെലവഴിച്ചത്. ഇത് ഒരു മാററത്തിന്റെ നാന്ദിയാണ്. ബിസിനസ്സ് ലോബി അധികാരം സ്വന്തം കൈപ്പിടിയിൽ ഒതുക്കുവാൻ ശ്രമിക്കുന്നു. പാശ്ചാത്യബിസിനസ്സ് ലോബിയും സർക്കാരുകളുമായി യോജിച്ച് ഇതിനുള്ള നീക്കങ്ങൾ തകൃതിയായി ആരംഭിച്ചു കഴിഞ്ഞു. പാശ്ചാത്യ നാടുകളിലെ ഗവൺമെന്റുകളെ യഥാർത്ഥത്തിൽ നിയന്ത്രിക്കുന്നത് വൻകിട ബിസിനസ്സ് ലോബികളാണ്. ഗവൺമെന്റ് ഉദ്യോഗസ്ഥരും മന്ത്രിമാരുമായി ഇടപെടുന്നതിലും അവർക്ക് താൽപര്യം ഇന്ത്യയിലെ ബിസിനസ്സ് ലോബിയുമായി നേരിട്ട് ഇടപെടുന്നതിലാണ്.

ലോകമുതലാളിത്തത്തിന്റെ ബുദ്ധികേന്ദ്രമെന്നറിയപ്പെടുന്ന വേൾഡ് ഇക്കണോമിക് ഫോറത്തിന് ഇന്ത്യയടക്കം ലോകത്തിലെ ബഹുഭൂരിപക്ഷം രാജ്യങ്ങളുമായി വളരെ അടുത്ത ബന്ധമാണുള്ളത്. ഡാവോസ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഈ സംഘടന ബഹുരാഷ്ട്ര കമ്പനികളുടെ സൃഷ്ടിയാണ്. ഈ സംഘടനയുടെ മുഴുവൻ ചെലവുകളും വഹിക്കുന്നത് ബഹുരാഷ്ട്രകുത്തക കമ്പനികളാണ്.

അടുത്ത അഞ്ചോ പത്തോ വർഷത്തിനുള്ളിൽ ഇന്ന് ഭാരതസർക്കാരിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന എല്ലാ സംരംഭങ്ങളും ഇന്ത്യയിലെ ബിസിനസ്സ് ലോബിവഴി ബഹുരാഷ്ട്ര ബിസിനസ്സ് കുത്തകകളുടെ വരുതിയിലാകും. തന്ത്രപ്രധാനമായ പല ബിസിനസ്സ് സംരംഭങ്ങളും ഇതിനകം കൈമാറിക്കഴിഞ്ഞു. ഇന്ത്യയിലെ ബാങ്കിംഗ് മേഖലയിൽ ബഹുരാഷ്ട്ര ലോബിയുടെ സ്വാധീനം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. വിദേശബാങ്കുകൾക്കും വിദേശ ഓഹരി ഉടമകൾക്കും ഇന്ന് പല ഇന്ത്യൻ ബാങ്കുകളുടെയും മേൽ വലിയ നിയന്ത്രണം ഉണ്ട്. ബാങ്കിംഗിനുശേഷം ഇൻഷ്വറൻസ് മേഖലയിലേക്കും വൻകിയ വ്യവസായമേഖലകളായ ഇരുമ്പ്, ഉരുക്ക്, വൈദ്യുതി, പെട്രോൾ, തുറമുഖം, ഹൈവേനിർമ്മാണം എന്നീ മേഖലകളിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. മുംബൈ, പൂന ഹൈവേ നിർമാണമടക്കം പല ഹൈവേകളും വിദേശ ഏജൻസികളാണ് ഏറെറടുത്തിരിക്കുന്നത്.

ലോകവ്യാപാരസംഘടന നിലവിൽ വന്ന 1995-ൽ തന്നെ ഇന്ത്യയടക്കമുള്ള എല്ലാ രാജ്യങ്ങളിലേക്കും ബഹുരാഷ്ട്ര കുത്തകകളുടെ ഇരമ്പിക്കയററം ഉണ്ടായി. അതോടെ രാജ്യത്ത് നിലവിലുണ്ടായിരുന്ന പല വ്യവസായങ്ങളുടെയും അടിതെററി. ടാററയുടെ സോപ്പ് നിർമാണകമ്പനിയായ ടോംകോയെ ഹിന്ദുസ്ഥാൻ ലിവറും ഗോദ്റേജിന്റെ സോപ്പ് വിതരണത്തെ പ്രോക്ടർ ആൻഡ് ഗാമ്പിളും പാർലെ ഗ്രൂപ്പിനെ കൊക്കക്കോയും മൽഹോത്ര കമ്പനികളെ ഗിലററ് ഇന്റർനാഷണലും ചെറുകിട ചായക്കമ്പനികളെ മൊത്തമായി ബ്രൂക്ക്ബോൺഡും വില കൊടുത്ത് വാങ്ങി. ഇന്ത്യൻ വ്യവസായത്തിന്റെയും വാണിജ്യത്തിന്റെയും നട്ടെല്ലൊടിയാൻ അധികനാൾ വേണ്ടി വന്നില്ല. കാർഷികമേഖലയാകട്ടെ നിലംപൊത്തുകയും ചെയ്തു. സിബാഗീഗി, മൊൺസാന്റോ, ഡി.എസ്.എം ബെർനർ, പെപ്സി ഇന്റർനാഷണൽ, കൊക്കക്കോള, ബിസഫ്, ജി.ഡി.സി. യേർല തുടങ്ങിയ വൻകിട വിദേശകുത്തകകൾ നമ്മുടെ മാർക്കററുകളിൽ ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നു. രാജ്യത്തെ കുത്തകകളുമായും അവർക്ക് ബന്ധമുണ്ട്. ലാഭവിഹിതവും കമ്മീഷനും കാണിച്ച് ഏതു ഭരണകൂടത്തെയും വിലക്കെടുക്കാമെന്ന് അവർ തെളിയിച്ചുകഴിഞ്ഞു.

ഇറക്കുമതി നിയന്ത്രണം എടുത്തുകളഞ്ഞതോടെ വിദേശ ഉൽപ്പന്നങ്ങൾ നമ്മുടെ കമ്പോളത്തിലേക്ക് കുത്തിയൊഴുകാൻ തുടങ്ങി. ഭക്ഷ്യവസ്തുക്കൾ, വ്യാവസായിക ഉൽപ്പന്നങ്ങൾ, ഇലക്ട്രോണിക്സ്, കം

പ്യൂട്ടർ ഉപകരണങ്ങൾ, യന്ത്രസാമഗ്രികൾ, വാഹനങ്ങൾ, കാർഷികോപകരണങ്ങൾ, വളം, വിത്ത് തുടങ്ങി പടക്ക നിർമാണത്തിനുള്ള പാഴ്ക്കടലാസുകൾ വരെ ഇറക്കുമതി ചെയ്യുന്ന അവസ്ഥ വന്നു. രാജ്യത്തിന്റെ സമ്പദ്ഘടന തകരാൻ തുടങ്ങിയതും സംസ്ഥാനങ്ങൾ കടുത്ത പ്രതിസന്ധികളിൽ കുടുങ്ങിയതും ഇങ്ങനെയാണ്.

സബ്സിഡികളും സൗജന്യങ്ങളും വെട്ടിക്കുറയ്ക്കണമെന്ന് ഗാട്ട് കരാറിന്റെ വ്യവസ്ഥകളിലുണ്ട്. അത് പ്രകാരം ഓരോ രാജ്യത്തും പ്രവർത്തിക്കുന്ന ലോകബാങ്ക് കൺസൾട്ടൻസികൾ അതാത് ഭരണകൂടത്തിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കുവാനും ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കാനും നിർബന്ധിച്ചുകൊണ്ടിരിക്കുന്നു. സജീവ സാമ്പത്തിക പ്രവർത്തനങ്ങൾ നടക്കുന്ന മുതലാളിത്ത രാജ്യങ്ങളിൽത്തന്നെ ഇപ്രകാരം നടപടികൾ നടന്നുവരികയാണ്. തൊഴിൽ- ഉദ്യോഗമേഖലകളിലെ പിരിച്ചുവിടൽ നമ്മുടെ രാജ്യത്തും ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാക്കിയിട്ടുണ്ട്. നാഷണൽ സാമ്പിൾ സർവ്വേയുടെ കണക്ക് പ്രകാരം 91- മുതൽ 99 വരെ എഴുപതു ലക്ഷം പേർക്കാണ് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്നത്. പത്ത് കോടിയോളം തൊഴിൽരഹിതരുള്ള രാജ്യത്താണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് പ്രത്യേകം ഓർക്കുക. ആഗോളവത്ക്കരണം തുടങ്ങിവച്ചതിൽ പിന്നെ ചെറുകിട വ്യവസായങ്ങൾ ഓരോന്നായി പൂട്ടിക്കൊണ്ടിരിക്കുകയാണ്. നാലുലക്ഷം സ്ഥാപനങ്ങൾ പൂട്ടിക്കഴിഞ്ഞെന്ന് പ്ലാനിംഗ് കമ്മീഷൻ തന്നെ സമ്മതിക്കുകയുണ്ടായി. സ്ഥിതിഗതികൾ ഇത്രമാത്രം ഭയാനകമായിട്ടും സർക്കാരുകളുടെ ധൂർത്തിനും ആർഭാടത്തിനും ഒരു കുറവും ഇല്ലെന്ന് മററൊരു വശം. ഭരിക്കാൻ പണം തികയാതെ വരുമ്പോൾ അവർ കോടികൾ വാങ്ങുകയാണ്. ഒൻപത്‌ലക്ഷം കോടിയോളം ഇപ്പോൾ തന്നെ രാജ്യത്തിന് കടബാധ്യതയുണ്ട്. പ്രതിവർഷം 25,000 കോടിരൂപ പലിശ ഇനത്തിൽ തിരിച്ചടക്കപ്പെടേണ്ടിവരികയാണ്. അതിനു പററാതെ വരുമ്പോൾ ഐ.എം.എഫിനും ലോകബാങ്കിനും നമ്മുടെ എല്ലാപരമാധികാരവും അടിയറവയ്ക്കുകയും ചെയ്യുന്നു. നികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള കോടികൾ പിരിച്ചെടുക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് താൽപര്യമില്ല.

ലോകബാങ്കിന്റെ സാമ്പത്തിക പരിപാടികളുടെ മുഖ്യലക്ഷ്യം സ്റേററിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളും സംരംഭങ്ങളും ദുർബലപ്പെടുത്തുകയാണ്. അത്യന്തികമായി സ്റേററിനെ സാമ്പത്തിക വ്യാപരങ്ങളിൽ നിന്ന് പിൻതള്ളുക അവരുടെ മുഖ്യലക്ഷ്യമാണ്.സോവ്യയററ് റഷ്യയിലും ഈ അടുത്ത കാ

> ലോകബാങ്കിന്റെ സാമ്പത്തിക പരിപാടികളുടെ മുഖ്യലക്ഷ്യം സ്റേററിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളും സംരംഭങ്ങളും ദുർബലപ്പെടുത്തുകയാണ്. അത്യന്തികമായി സ്റേററിനെ സാമ്പത്തിക വ്യാപരങ്ങളിൽ നിന്ന് പിൻതള്ളുക അവരുടെ മുഖ്യലക്ഷ്യമാണ്.സോവ്യയററ് റഷ്യയിലും ഈ അടുത്ത കാലത്ത് അർജന്റീനയിലും നടന്നമാതിരി സ്റേററിനെ ഒന്നുമല്ലാതാക്കി ത്തീർക്കുക എന്നത് അവരുടെ പ്രധാന അജണ്ടയാണ്.

ലത്ത് അർജന്റീനയിലും നടന്നമാതിരി സ്റേററിനെ ഒന്നുമല്ലാതാക്കിത്തീർക്കുക എന്നത് അവരുടെ പ്രധാന അജണ്ടയാണ്.

ഇന്ത്യക്കാർ വിദേശ യജമാന്മാരെ സേവിക്കാൻ വീണ്ടും തയ്യാറാകേണ്ടിവരും. ബ്രിട്ടീഷുകാരെ ഇന്നത്തെ ഇന്ത്യക്കാരുടെ പൂർവ്വികർ സ്വാതന്ത്ര്യത്തിനു മുൻപ് സേവിച്ച പാരമ്പര്യം നമുക്കുണ്ടല്ലോ.

ഇന്ത്യയിലെ മധ്യവർഗം എക്കാലവും സാമ്പത്തികനേട്ടത്തിനുവേണ്ടി എന്തും ചെയ്യാൻ മടികാട്ടാത്തവരാണ്. ഇന്ത്യയിലെ പുതിയ സംഭവവികാസങ്ങളെ അവർ സ്വാഗതം ചെയ്യുമെന്ന കാര്യത്തിൽ സംശയം വേണ്ട. വർത്തമാനകാല രാഷ്ട്രീയ നേതൃത്വം പിന്തുണ നേടുന്നത് ഈ വിഭാഗത്തിൽ നിന്നാണ്. ലണ്ടനിലെ ന്യൂയോർക്കിലോ ജോലി സമ്പാദനം അവരുടെ പ്രധാന ലക്ഷ്യവുമാണ്.

വിദേശതാൽപര്യങ്ങളുടെ കൈകളിലേക്ക് ഇന്ത്യ വഴുതിവീണുകൊണ്ടിരിക്കുകയാണെന്ന കാര്യം അധികാരത്തിന്റെ തലപ്പത്തിരിക്കുന്നവർ അറിഞ്ഞിട്ടും അറിയാത്ത ഭാവം നടിക്കുന്നു. ഉദാരവൽക്കരണത്തിന്റെ സ്തുതിഗീതങ്ങൾ മാത്രമേ അവർ കേൾക്കുന്നുള്ളൂ. ഇന്ത്യയും ഇന്ത്യക്കാരും സ്വദേശിമന്ത്രം പാടിനടന്ന് അധികാരത്തിൽ വന്നവരാൽ വീണ്ടും വഞ്ചിക്കപ്പെടുന്നു.

ബഹുരാഷ്ട്രകുത്തക കമ്പനികളും അവരുടെ ഏജന്റുമാരായ ലോകബാങ്കും ഐ.എം.എഫും ലോകവ്യാപാരസംഘടനയും ചേർന്ന് ഇന്ത്യയെ വീണ്ടും കോളനിയാക്കി മാററുന്നു. ചരിത്രം വീണ്ടും ആവർത്തിക്കപ്പെടുന്നു. സാമ്പത്തിക അധികാരത്തിന്റെ പൂർണ്ണമായ കൈമാററം നടക്കുവാൻ പോകുന്നു. അതിഭയങ്കരമായ ദേശീയദുരന്തത്തിന് ഇതുവഴിയൊരുക്കാം. ■

# കറന്റ് ബുക്സ്, തൃശൂർ

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001

Ph: 0487–335660

**PUBLISHERS & DISTRIBUTORS FOR**

MALAYALAM, ENGLISH, CHILDREN'S LITERATURE, FICTION, DRAMA, CINEMA, JOURNALISM, POETRY, PHILOSOPHY, PSYCHOLOGY, SOCIOLOGY, POLITICS, HISTORY, ECONOMICS, COMMERCE, MATHEMATICS, BOTANY, ZOOLOGY, CHEMISTRY, PHYSICS, MEDICAL, COMPUTER, ENGINEERING, LAW, ELECTRONICS, MECHANICAL, CIVIL, CHEMICAL ENGINEERING, VETERINARY, AGRICULTURE, AQUACULTURE. ETC. ETC

# കോസ്മോബുക്സ്

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001 Ph: 0487–335292

ബ്രാഞ്ചുകൾ

## കോഴിക്കോട്

**Rly.** സ്റ്റേഷൻ ലിങ്ക് റോഡ്

**Ph**: 0495-703487

## എറണാകുളം

പ്രസ്സ് ക്ലബ്ബ് റോഡ്

**Ph**: 0484- 353818

വാർത്താമദ്ധ്യം

# പർവ്വതനിരയുടെ പനിനീർ


## എം.എസ്.വസന്തകുമാർ

എസ്. എൻ. കോളജ്, കൊല്ലം


കേരളത്തിലെ നാൽപത്തിനാല് നദികളിൽ പെരിയത് പെരിയാർ. ഇവയിൽ കബനിയും, പാമ്പാറും ഭവാനിയും കിഴക്കോട്ട് തമിഴ്നാട്ടിലേക്ക് ആണ് ഒഴുകുന്നത്. ഇവ മൂന്നും ഇന്ന് തെന്നിന്ത്യയെ പ്രക്ഷുബ്ധമാക്കുന്ന കാവേരിയെ പോഷിപ്പിക്കുന്നു. ബാക്കി നാൽപ്പത്തിയൊന്ന് നദികളും കിഴക്ക് നിന്ന് പടിഞ്ഞാറേക്കൊഴുകി കടലിൽ നിപതിക്കുന്നു.മലനാട്ടിലെയും ഇടനാട്ടിലെയും വർഷപാതം മലകളിൽ ഊർന്നിറങ്ങിയാണ് കൈരളീവേണികളെ ചലന ചൈതന്യപൂർണ്ണമാക്കുന്നത്. വേനലിലും ഈ ഒഴുക്ക് തുടരുന്നു.

12000 കോടി ഘനമീററർ ജലമാണ് ഒരു വർഷം കേരളത്തിൽ മഴയായി ലഭിക്കുക. ഇതിൽ 7000 കോടി ഘനമീററർ ജലവും നദികളായി ഒഴുകി കടലിൽ പോകുന്നു. അങ്ങനെ പഞ്ചഭൂതങ്ങളിലൊന്നായ ജലം അഴകുള്ള പുഴകളായി ഒഴുകുന്നു.

കേരളത്തിലെ ഒമ്പത് ജലവൈദ്യുതി നിലയങ്ങളിൽ അഞ്ച് എണ്ണവും പെരിയാറിലാണ് - പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, നേരിയമംഗലം, ഇടുക്കി എന്നിവ. കേരളത്തിലെ ജലവൈദ്യുതിയുടെ അറുപത് ശതമാനവും പെരിയാറാണ് തരുന്നത്. അമ്പത് പഞ്ചായത്തുകളിലെ ഗാർഹിക, വ്യാവസായിക, വാണിജ്യ ഉപയോഗങ്ങൾക്കുള്ള ജലവും പെരിയാർ നൽകുന്നുണ്ട്.

എറണാകുളം ജില്ലയിലെ വ്യാവസായിക ബെൽററിൽ കടക്കുന്ന പെരിയാർ വിഷലിപ്തമാണ്. ജലം മലിനീകരിക്കുന്ന മുന്നൂറ് വ്യവസായങ്ങൾ പെരിയാറിന്റെ ഓരത്തുണ്ട്. വകതിരിവില്ലാതെ നദിത്തട്ടിൽ നിന്ന് അമ്പതിനായിരം ടൺ മണ്ണ് ഖനനം ചെയ്യപ്പെടുന്നുണ്ട്. ഇതുകൊണ്ട് നദീനിരപ്പ് സമുദ്രനിരപ്പിന് താഴെ ആവുകയും, കടലിലെ ഉപ്പുവെള്ളം നദിയിൽ പ്രവേശിക്കുകയും ചെയ്യുന്നു, വിശേഷിച്ചും വേനലിൽ വെള്ളം കുറയുമ്പോൾ. ഇങ്ങനെ ഉപ്പുരസം കൂടുന്ന സീസണിൽ പെരിയാർ തീരത്തെ ചില വ്യവസായ യൂണിററുകൾ ഷട്ട്ഡൗൺ ചെയ്യാറുണ്ട്.

പെരിയാറെന്ന അമൂല്യ പ്രകൃതി സ്രോതസ്സിനെ ഇത്തരം പ്രകൃതി വിരുദ്ധ വികൃതികളാൽ നാം പീഡിപ്പിക്കുന്നു. അതും പോരാഞ്ഞ് പീഡിതയായ ഈ മലയാളിപ്പെണ്ണിനെ കച്ചവടഭീമന്മാർക്ക് തീറെഴുതുന്ന ഭരണ നടപടികൾ കൂടി കൊണ്ടുവരികയാണ്. 'നഗരം കാണാത്ത നാണം മാറാത്ത' ഈ നാടൻപെണ്ണിനെ' പാനയോഗ്യമായ നിലയിൽ കുപ്പിയിലാക്കി ലിററിന് 14 പൈസയ്ക്ക് വിൽക്കാൻ കരാറുവന്നു! കരാറിൽ ഏർപ്പെട്ട് മുതൽ മുടക്കുന്ന കച്ചവട ഭീമൻ, ലിററിന് 2 പൈസ സർക്കാരിന് കമ്മീഷൻ നൽകും. പണമില്ലാത്ത സർക്കാരിന് ഭാവനാ ശൂന്യതയും രഹസ്യ പ്രലോഭനങ്ങളും കൈമുതലുണ്ടെങ്കിൽ ഇതും ഇതിനപ്പുറവും നടക്കും.

**Build - Own - Operate - Transfer** സ്കീം അഥവാ **BOOT** പ്രകാരം നിക്ഷേപകനായ കച്ചവടഭീമൻ ഇരുപത് വർഷത്തെ ലീസിൽ മഹിളാലയം ഭാഗത്തെ (ആലുവ) പെരിയാറിൽ നിന്ന് പ്രതിദിനം 200 ദശലക്ഷം ലിററർ



വെള്ളം ചോർത്തി എടുക്കും. ഈ ജലത്തിന്റെ മുഖ്യ ഗുണഭോക്താക്കളിൽ ചിലർ വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ, കാർബൊറണ്ടം യൂണിവേഴ്സൽ ലിമിററഡ്, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ഫിലിപ്സ് കാർബൺ ബ്ളാക്ക് ലിമിററഡ്, കൊച്ചിൻ പോർട്ട്, സതേൺനേവൽ കമാന്റ്, കൊച്ചിൻ യൂണിവേഴ്സിററി തുടങ്ങിയവ. മാദ്ധ്യമങ്ങൾ വെളിപ്പെടുത്തിയിട്ടുള്ള ഈ വിവരങ്ങൾക്ക് പുറമെ അവ പറയുന്നത് കേരളവാട്ടർ അതോറിററിയുടെ നാല് മുഖ്യപദ്ധതികളിൽ നിന്ന് BOOT സ്വതന്ത്രമാണ് എന്നാണ്. നാലെണ്ണത്തിൽ ഒരു പദ്ധതി 220 ദശലക്ഷം ലിററർ വെള്ളം ഒരു ദിവസം പെരിയാറിൽ നിന്ന് പമ്പ് ചെയ്തെടുത്ത് പ്രാന്തപ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതാണ്. 290 ദശലക്ഷം ലിററർ ആവശ്യം നിലനിൽക്കുമ്പോഴാണ് ഈ കമ്മിയാർന്ന വിതരണം. BOOT പ്രകാരം വാട്ടർ അതോറിററിക്ക് 20 ദശലക്ഷം ലിററർ നൽകും പോലും. ദീർഘകാലാടിസ്ഥാനത്തിൽ നദിയിലെ ഒഴുക്ക് തോത് നിയന്ത്രിക്കുന്ന ചെക്ക് ഡാമുകളും ഉപ്പുരസം നിയന്ത്രിക്കുന്ന റെഗുലേററുകളും സ്ഥാപിക്കുമത്രെ!

ഏതെല്ലാം ഗുണഗണങ്ങൾ ഈ പദ്ധതിക്ക് ഉണ്ട് എന്ന് പറഞ്ഞ് പൊലിപ്പിക്കാൻ ശ്രമിച്ചാലും അനവധാനതയോ നിക്ഷിപ്ത താൽപര്യ പ്രേരിതമായ ധൃതിയോ ഇതിന്റെ പിന്നിലുണ്ട് എന്നത് വ്യക്തമാണ്. ചത്തീസ്ഗാർ സംസ്ഥാനത്തെ ഷിയോനാഥ് നദിയുടെ ഒരംശം റേഡിയസ് വാട്ടർ ലിമിററഡ് എന്ന കമ്പനിക്ക് വിററ് നടപ്പാക്കിയ 'വിജയാനുഭവ'മത്രെ പെരിയാർ കച്ചവടത്തിന്റെ പ്രേരകശക്തി. പ്രേരണാനിർദ്ദേശം ചത്തീസ്ഗാറിലും കേരളത്തിലും പ്രൈസ്വാട്ടർഹൗസ് കൂപേഴ്സ് എന്ന അന്താരാഷ്ട്രാ ഏജൻസിയുടേതാണ്. ഈ ഏജൻസിയാണ് ഒറീസാ ഗവൺമെന്റിന് വൈദ്യുതിരംഗം സ്വകാര്യവൽക്കരിക്കാൻ ഉപദേശം നൽകിയത്.

മുൻപിൻ നോക്കാതെ അന്താരാഷ്ട്ര വണിക്കുകളുമായി കരാറുണ്ടാക്കുന്നത് ചരിത്രത്തെ നിഷേധിക്കുന്നവരോ ചരിത്രം അറിയാത്തവരോ ആണ്. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളുടെ വേരുകൾ കച്ചവടമത്സരത്തിലാണ് എന്നത് ചരിത്രസത്യം. ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയുടെ രാഷ്ട്രീയാധികാരം കവർന്നെടുത്തതും വിസ്തൃതമല്ലാത്ത ചരിത്രം. ഇത് ഒന്നും അറിയാത്തവരാണ് നമ്മുടെ ഭരണാധിപന്മാർ എന്ന് പറയാനാവുമോ? അതുപോകട്ടെ, ആരാനും ഉപദേശിച്ചാൽ എടുപിടീന്ന് നടപ്പാക്കാൻ എന്തേ പിള്ളേരുകളിയോ നാടിനെയും നാട്ടാരേയും ബാധിക്കുന്ന പരിഷ്കാരങ്ങൾ?

കാഴ്ചയും സാമീപ്യവും, സമ്പത്തും നഷ്ടവും, ശാന്തിയും അശാന്തിയും നൽകി പുഴകൾ മനുഷ്യായുസ്സിൽ മരിക്കാത്ത സഹചാരികളായി ഒഴുകുന്നവ ആണ്. ജീവിതത്തിലെ സമസ്യകൾക്ക് ഓളപ്പാത്തികൾ ഉത്തരമേകുന്ന മുഹൂർത്തങ്ങൾപോലും അനുഭവിച്ച മനുഷ്യരുണ്ട്. ജീവിക്കാനുള്ള അവകാശം പോലെ, ശ്വാസോച്ഛ്വാസത്തിന്റെ അനിവാര്യതപോലെ

മർമ്മപ്രധാനമാണ് ജലവും ജല സ്രോതസ്സുകളുടെ ഉടമസ്ഥതയും. പ്രകൃതി പെയ്ത മഴയാണ് അത്. സർക്കാരിന് അത് എങ്ങനെ വിൽക്കാനാകും?

വൈകാരികമായ അനുഭൂതികൾക്കപ്പുറം, ഭൂവാസസുരക്ഷിതത്വത്തിന് പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ പഠിക്കാതെകണ്ട് നിക്ഷേപക മൈത്രിയിലൂടെ കേരള സർക്കാർ കൊണ്ടുവരുന്ന വികസന ഇന്ദ്രജാലം അഥവാ 'ജിം' നാസ്റ്റിക്സ്, പ്രലോഭിതമായ ഭരണനായകന്മാരുടെ ഹീനതാൽപര്യങ്ങൾ മെനയുന്ന അബദ്ധം മാത്രമാണ്.

മലമ്പുഴ ജലസേചന സംവിധാനത്തിൽ നിന്ന് ദിനംപ്രതി എഴുപത്തഞ്ച് ദശലക്ഷം ലിററർ വെള്ളം സ്വകാര്യ നിക്ഷേപകന് വിൽക്കുന്ന മറെറാരു പദ്ധതികൂടിയുണ്ട്. ഇതിന്റെ പ്രധാന ഗുണഭോക്താവ് 'പെപ്സി' എന്ന സോഫ്ററ് ഡ്രിങ്ക് പ്രസ്ഥാനമാണ്. ഇവർക്ക് വേണ്ട വെള്ളം ചില്ലറയൊന്നുമല്ല. ഉദാഹരണത്തിന് ഇതേ ഗണത്തിൽപ്പെട്ട 'കൊക്കൊകോള' കമ്പനി, കേരള-തമിഴ്നാട് അതിർത്തിയിലെ പ്ലാച്ചിമടയിൽ ഒരു യൂണിററ് സ്ഥാപിച്ചു. വെള്ളത്തിന്റെ അമിതാവശ്യം നിറവേററാൻ അവർ ബോർ വെല്ലുകൾ സ്ഥാപിച്ചു. ബോർവെല്ലുകൾക്ക് അവിടങ്ങളിൽ കൽപ്പിച്ചിരുന്ന സർക്കാർ നിയന്ത്രണങ്ങൾ 'കൊക്കൊ കോള'യ്ക്ക് ഔദ്യോഗികമായിത്തന്നെ ഒഴിവാക്കിക്കിട്ടിയിരുന്നു. വെള്ളമെല്ലാം അവർ വലിച്ചെടുത്തു. സാധാരണ ജനങ്ങളുടെ കിണറുകൾ ഒക്കെ വററിവരണ്ടു.

ചുരുക്കത്തിൽ സാധാരണ ജനങ്ങളെ ഈ നടപടികൾ എങ്ങനെ ബാധിക്കും എന്നത് ലാഭക്കൊതിയന്മാർ ശ്രദ്ധിക്കില്ല. അധികാരികൾ അവർക്ക് അരു നിൽക്കുകയും ചെയ്യും. മഹാത്മാഗാന്ധി, പരിഷ്കാരങ്ങൾക്ക് പൊതുവിൽ നിർദ്ദേശിച്ച ദിശാബോധം ഇതായിരുന്നു. ഏതൊരു പരിഷ്കാരവും പാവപ്പെട്ടവനെ പ്രതികൂലമായി ബാധിക്കാത്ത നിലയിലേ നടപ്പിലാക്കാൻ പാടുള്ളൂ. ഈ തത്വത്തിന്റെ നഗ്നലംഘകൻ എ.കെ. ആന്റണിയും! കടലിലെ മണ്ണ് ഘനനം ചെയ്യാൻ 'കച്ചവടക്കണ്ണനെ' ക്ഷണിക്കും മുമ്പ് അത് വരുത്താവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പഠിക്കില്ല എന്നവാശിയുണ്ട് അദ്ദേഹത്തിന്. മത്സ്യമേഖലയിൽ പണിയെടുക്കുന്നവനെ കുത്തുപാളയെടുപ്പിക്കുന്ന പരിഷ്കാരമാണോ എന്ന് അന്വേഷിക്കുകയില്ല. കാസർകോട് നിന്ന് തിരുവനന്തപുരത്തേക്ക് 60 മീററർ വീതിയിൽ ആറ് ട്രാക്കുള്ള എക്സ്പ്രസ് ഹൈവേ നിർമ്മിച്ച്, ആ ദൂരം അഞ്ച് മണിക്കൂർ സമയപരിധിയിൽ താണ്ടാനുള്ള ആവേശം ബാധിച്ച തിരുമണ്ടത്തരവും അദ്ദേഹത്തിന്റേതുതന്നെ. (സ്പീഡിന് കരുണാകരനെ കുററപ്പെടുത്തിയത് വെറുതെയായി !)

നിക്ഷേപങ്ങൾ തൊഴിൽ അവസരം സൃഷ്ടിക്കും പോലും. ആ തൊഴിലിന് ഇന്നത്തെ തൊഴിലിന്റെ മാന്യതയും സുരക്ഷിതത്വവും ഉണ്ടോ? അതീവ വ്യഗ്രതയോടുകൂടി നിക്ഷേപ സമാഹരണയജ്ഞം സംഘടിപ്പിക്കുന്ന ക്യാബിനററ് അംഗങ്ങൾക്ക് പോലും വ്യക്തമായ അഭിപ്രായങ്ങളോ അഭിപ്രായ സമന്വയമോ ഇല്ലാത്ത സ്ഥിതിയുമുണ്ട്. ചോദ്യങ്ങൾക്ക് മുന്നിൽ അവർ ഉരുണ്ടുകളിക്കുകയും ഒഴിഞ്ഞുമാറുകയും ചെയ്യുന്നു. മുൻകൂട്ടി മററാരോ നിശ്ചയിച്ചപോലെ ക്രമവിരുദ്ധമായി തീരുമാനങ്ങൾ എടുക്കുന്നു. അഞ്ചുവർഷത്തെ മാൻഡേററ് ദുരുപയോഗം ചെയ്യുന്നു.

നാടിനെ സ്നേഹിക്കുന്നവർ ഉണരുക, പ്രതികരിക്കുക. ■

**POEM**

**P.ANIL KUMAR**
S.N.College, Punalur

# irrational

*No one knows*
*who appears*
*and disappears*
*along the*
*irrational lanes*
*of memory*
*appears and disappears*
*like squandered desires*
*which leave you empty*
*and abandoned vessel*
*near a wallless well*
*which gives company*
*to a lonesome cat*
*and your own*
*musty forgetfulness*
*silence shifts*
*among the antiques*
*the remnants*
*of long forgotten years*
*which you try*
*to arrange*
*in linear progression*
*along the*
*crooked alleys of*
*your ailing*
*consciousness.*

*with best compliments of*

# OXFORD
## UNIVERSITY PRESS

REGIONAL OFFICE -

'219' Anna Salai Chennai 6 Ph 811 22 67 / 99 e_mail orders@oupin.com

**SHOWROOMS:**

94 Koramangala Industrial Area 4th Cross 5th Block **BANGALORE** 560095 Ph 5534286 oup bsr@vsnl.net

3-5-11-8 Narayanaguda **HYDERABAD** 500 029 Ph 4750155 ouphsr@hd2.dot.net.in

Kesava Buildings, I floor, TC No. 25/1437 (2) Thampanoor, **THIRUVANANTHAPURAM** 695 001

Ph: 330995 ouptsr@vsnl.net

### പ്രൈവററ് കോളജദ്ധ്യാപക പ്രസ്ഥാനം കേരളത്തിൽ

# നിയമ യുദ്ധത്തിലേക്ക്

**പ്രൊഫ: വി.എൻ.മുരളി**
മുൻ ജനറൽസെക്രട്ടറി, എ.കെ.പി.സി.ടി.എ

"ബിഷപ്പിനെതിരെ അധ്യാപകർ കേസ്സുകൊടുത്തെന്നോ? - ഈ അത്ഭുതം അധ്യാപകരിൽ മാത്രമല്ല, അറിഞ്ഞ എല്ലാവരിലും ഉണ്ടായി. പരക്കെ സംസാരം - പ്രൊഫ. എം.പി.പോൾ സ്വന്തം കോളജ് മാനേജ്മെന്റിനെതിരേ കേസ്സുകൊടുത്തിരിക്കുന്നു! 1932 ൽ ഇതൊരു കോളിളക്കം തന്നെ സൃഷ്ടിച്ചു. വെട്ടിക്കുറച്ച ശമ്പളം പുനഃസ്ഥാപിച്ചു കിട്ടണമെന്ന വാശിയിലായിരുന്നല്ലോ പോൾ. കാര്യകാരണസഹിതം തന്റെ വാദഗതികൾ അദ്ദേഹം മാനേജുമെന്റിന്റെ മുമ്പിൽ നിരത്തി. എതിർവാദങ്ങൾ പലതും മാനേജുമെന്റ് പറഞ്ഞു നോക്കിയെങ്കിലും അതൊന്നും നിലനിൽക്കുന്നതായിരുന്നില്ല. പിന്നെ അവർ പറഞ്ഞത് മാനേജരോട് സംസാരിക്കുമ്പോൾ ഭവ്യതയോടെ മാത്രമേ കാര്യങ്ങൾ പറയാവൂ എന്നാണ്. ഭവ്യതവിട്ട് താനൊന്നും പറഞ്ഞിട്ടില്ലെന്നും ശമ്പളം വെട്ടിക്കുറച്ചതാണ് പ്രശ്നമെന്നും അത് പരിഹരിച്ചു കിട്ടണമെന്നും ആവർത്തിച്ചു പറഞ്ഞുകൊണ്ട് പോൾ തന്റെ വാദഗതികളിൽ ഉറച്ചു നിന്നു. മാനേജുമെന്റിന് പിന്നെ മററൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. ഈ ധിക്കാരിയെ പിരിച്ചു വിടുക! അങ്ങനെ അവർ പോളിന് പിരിച്ചു വിടൽ നോട്ടീസ് നൽകി. കാര്യങ്ങൾ ഇങ്ങനെയൊക്കെത്തന്നെയായിരിക്കും വന്നുഭവിക്കുകയെന്ന് പോളും മനസ്സിലാക്കിയിരുന്നു. ക്രാന്തദർശിയായ അദ്ദേഹത്തിന് ഒരു നിയമയുദ്ധം വേണ്ടിവരുമെന്നറിയാമായിരുന്നു. മാനേജുമെന്റുമായി കത്തിടപാടുകൾ നടത്തിയപ്പോൾ ഇത് അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നുവെന്നുവേണം അനുമാനിക്കാൻ. പിരിച്ചുവിടൽ അറിയിപ്പ് കിട്ടിയതോടെ വക്കീൽ പുത്തേഴത്ത് രാമൻമേനോൻ വഴി മാനേജ്മെന്റിന് പോൾ നോട്ടീസ് അയച്ചു.

### രജിസ്ററർ കത്ത്

മാ-രാ-രാ. എം.പി.പോൾ എം.എ. അവർകൾക്കുവേണ്ടി ഉപദേശപ്രകാരം ചീഫ് കോർട്ടുവക്കീൽ പുത്തേഴത്തു രാമമേനോൻ സെന്റ് തോമസ് കോളജ് മാനേജരായ റയിററ് റവറന്റ് മോൺസിനോർ മാത്യൂ എടുക്കുളത്തൂർ അവർകളെ അറിയിക്കുന്നത്.സെന്റ് തോമസ് കോളജിൽ അസിസ്റ്റന്റ് ഇംഗ്ലീഷ് ലക്ചററായ മേൽപ്പറഞ്ഞ എന്റെ കക്ഷിയെ 28 ജൂലൈ 10ന് ഉദ്യോഗനിയമനകൽപനക്കും അതിനെ സ്വീകരിച്ചു 10-7-28 ൽ അദ്ദേഹം അയച്ച അംഗീകാരപത്രത്തിന്നും, അതിനെ തുടർന്നു, അനുസരിച്ചും ഇന്നുവരെയുണ്ടായ നടപടികൾക്കും തീരെ വിരുദ്ധമായും ന്യായരഹിതമായും സാധാരണ മര്യാദപോലും ലംഘിച്ചും നിങ്ങൾ അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്നും ഒഴിവാക്കിയതായി '32 മേയ് 5ന് ഒരു കൽപന അയച്ചിരിക്കുന്ന കാര്യത്തിൽ ഈ ലോയർ നോട്ടീസ് നിങ്ങൾക്കു അയക്കുവാനും കരാർ നിശ്ചയങ്ങൾ പ്രകാരം നിങ്ങൾ നിവൃത്തിക്കാത്ത പക്ഷം നിങ്ങളുടെമേൽ വേണ്ടതക്ക നിവൃത്തികൾക്കു സിവിൽ വ്യവഹാരം കൊടുക്കുവാനും എന്ന ഏൽപ്പിച്ചിരിക്കുന്നു. കരാറുപ്രകാരമുള്ള കാലാവധിക്കു മുഴുവനും എന്റെ കക്ഷിയെ കോളജിൽ ഉദ്യോഗത്തിനിരുത്തുന്നതിനും കൊല്ലംതോറും 10 -ക പ്രകാരമുള്ള കൂടുത

ലോടുകൂടി 150 -ക ശമ്പളം കൊടുക്കുന്നതിനും നിങ്ങൾക്കു ബാദ്ധ്യതയുള്ളതും അതിനു എന്റെ കക്ഷിക്കു നിയമപ്രകാരം അവകാശമുള്ളതുമാകുന്നു. ആ സ്ഥിതിക്കു തക്കതായ യാതൊരു കാരണവും കക്ഷിയുടെ അറിവും സമ്മതവും കൂടാതെയും, അധികാരമില്ലാതെയും 1932 ഫെബ്രുവരി മുതൽ നിങ്ങൾ അദ്ദേഹത്തിന്റെ ശമ്പളം കുറവു ചെയ്യുകയും അതിനെപ്പററി ആവലാതിപ്പെട്ടപ്പോൾ സാധാരണമായ ഒരു കാലാവധികൂടി കാണിക്കാതെ പണിയിൽനിന്നും ഒഴിവാക്കിയതായി നോട്ടീസുകൊടുക്കുകയും ചെയ്തിട്ടുള്ളതു നിങ്ങൾ പ്രതിനിധീകരിക്കുന്ന മഹാസ്ഥാപനത്തിന്റെ അന്തസ്സിനും സ്ഥിക്കും വളരെ പോരാത്തതാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. കരാറിനു വിരുദ്ധവും നിയമവിരോധവുമായ ആ നോട്ടീസ് ഇന്നു മുതൽ ഒരാഴ്ചക്കകം പിൻവലിക്കയും ഫെബ്രുവരി മുതൽക്കുള്ള ശമ്പളബാക്കിയോടുകൂടി ക്രമപ്രകാരമുള്ള ശമ്പളം മുഴുവനും കൊടുക്കുകയും കരാറു പ്രകാരമുള്ള കാലം മുഴവനുമെങ്കിലും അതിലെ വ്യവസ്ഥക്കനുസരിച്ച് എന്റെ കക്ഷിയെ ഉദ്യോഗത്തിൽ ഇരുത്തുകയും ചെയ്യാത്തപക്ഷം ആവശ്യമെന്നു കാണപ്പെടുന്ന എല്ലാ നിവൃത്തികൾക്കും, അന്യായം കൊടുക്കുന്നതിനു അദ്ദേഹം നിർബന്ധിതനാകുന്നതും എല്ലാ വ്യവഹാരനഷ്ടങ്ങൾക്കും മററും കൂടി കോളജ് മാനേജുമെന്റ് ഉത്തരവാദപ്പെടുന്നതും ആകുന്നു.

എന്നു 1107 മേടം 27–ാം
ഉപദേശപ്രകാരം വക്കീൽ
(ഒപ്പ്) പുത്തേഴത്തു രാമമേനോൻ

മേൽവിലാസം

മാ. രാ. രാ

റയിററ് റവറന്റ് മോൺസീനോർ

മാത്യു എടക്കുളത്തൂർ അവർകൾക്കു,
സെന്റ് തോമസ് കോളജ്
മാനേജർ ബിഷപ്പിന്റെ അരമന,
തൃശ്ശിവപേരൂർ

പിരിച്ചുവിടൽ നോട്ടീസ് ഒരാഴ്ചയ്ക്കകം പിൻവലിക്കണമെന്നും നിയമനകാലത്തെ കരാറനുസരിച്ച ശമ്പളം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള വക്കീൽ നോട്ടീസിന് മാനേജ്മെന്റ് നൽകിയ മറുപടി എല്ലാ മാനേജ്മെന്റുകളുടെയും തനിനിറം ഒന്നു തന്നെ എന്ന് വ്യക്തമാക്കുന്നതായിരുന്നു.

C.A. Ouseph, B.A., B.L., M.L.C.,
Chief Court Vakil

Trichur, (S.India)
31-9-'07

To

M.R.Ry., Puthezhath Raman Menon Avl.,
Chief Court Vakil, Trichur,

Sir,

I am Instructed by my client Mgr. Mathew Edakolathur, Manager, St. Thomas' College, to send you this letter in reply to your notice dated 27-7-1107 on behalf of Mr.M.P. Paul, M.A. It is a fact that Mr. Paul was given an appoinment order on 10th July 1928. Though the order required Mr. Paul to give a written assurance that he would serve for five years inclusive of the them current scademic year, no such assurance was taken or received from him. The records show that the appointment order was not even acknowledged. The fact is Mr. Paul being an old boy of the St. Thomas' and being already on the staff, the management did not insist on such an assurance, was retain Mr. Paul in service for 5 years. The assurance was intended to bind Mr. Paul to serve for five years and not to bind the management to keep him on for that term, and they were there fore entitled to give him notice when they wanted to terminate his service. They did not by the appointment order give up any of the usual or incidental rights which every employer has. Mr. Paul was given notice on 5-5-1932 and the management proposed to terminate his service only from 15th June of the year. As for the reasons for giving Mr. Paul notice, they do not arise for consideration. The management do not intend to take in Mr. Paul again.

His February and March pay, subject to a reduction of 10 per cent binding on him has been paid and accepted. He can have his pay for April with a similar reduction on passing a proper receipt.

Yours truly,
(Sd)

തന്റെ നിലപാടുകൾ ന്യായീകരിക്കാൻ പോളിന് യാതൊരു കളവും പറയേണ്ടിവന്നില്ല. എന്നാൽ മാ

നേജ്മെന്റിന് അത്‌വേണ്ടിവന്നു. അഞ്ചുവർഷം കോളജിൽ സേവനമനുഷ്ഠിച്ചുകൊള്ളാമെന്ന് പോളിൽ നിന്നും എഴുതി വാങ്ങിച്ചിട്ടില്ലെന്നും നിയമന ഉത്തരവ് സ്വീകരിച്ചുകൊണ്ട് പോൾ മാനേജ്മെന്റിന് കത്തുനൽകിയിട്ടില്ലെന്നുമൊക്കെ. വക്കീലിനെക്കൊണ്ടവർ പറയിക്കുന്നത് കള്ളമാണെന്നതിന് തെളിവുകളുണ്ടല്ലോ. ആ ജാള്യതമറച്ചുവയ്ക്കാനാണ് അടുത്ത വാചകത്തിൽ അഞ്ചുവർഷം സേവനമനുഷ്ഠിച്ചുകൊള്ളാമെന്നത് പോളിനെ ബാധിക്കുന്നകാര്യമാണെന്നും മാനേജ്മെന്റിന് എപ്പോൾ വേണമെങ്കിലും അധ്യാപകരെ പിരിച്ചുവിടാനുള്ള അവകാശമുണ്ടെന്നും പറയുന്നത്. അവരുടെ കരുത്ത് നീതിയും ന്യായവുമൊന്നുമല്ല, 'അധികാര'മാണെന്ന് പോളിനെ തിരിച്ചെടുക്കില്ല. വെട്ടിക്കുറച്ച ശമ്പളം കുട്ടിത്തരുന്ന പ്രശ്നമില്ല. എന്നിങ്ങനെ ധിക്കാരപൂർവം മാനേജ്മെന്റ് മറുപടി നൽകിയപ്പോൾ കേസ് ഫയൽ ചെയ്യുകയല്ലാതെ മറെറാരു മാർഗവും പോളിനുമുമ്പിൽ ഉണ്ടായിരുന്നില്ല. കേസ്സുകൊടുക്കുമ്പോൾ കെട്ടിച്ചമച്ച യാതൊരു കാര്യവും പോളിനു പറയേണ്ടിവന്നില്ല. നിയമനകാലം മുതൽ നാളിതുവരെ നടന്ന സംഭവങ്ങൾ അക്കമിട്ടു പറഞ്ഞപ്പോൾ പോളിന്റെ കേസ്സിന് രൂപഭദ്രത കൈവന്നു. അതിങ്ങനെയായിരുന്നു:

തൃശൂർ മുൻസിഫ് കോർട്ട്.
..........ാംനമ്പർ

എം.പി.പോൾ — അന്യായം

തൃശൂർ മെത്രാൻ ഡോക്ടർ ഫ്രാൻസിസ്സ്
വാഴപ്പിള്ളി അവർകൾ
മോൺസി. മാത്യു എടക്കൊളത്തൂർ അവർകൾ — പ്രതികൾ
ഫാദർ ജോൺ പാലേക്കാരൻ അവർകൾ

1) 1-ാം പ്രതിദാർ തൃശ്ശിവപേരൂർ സെന്റ് തോമസ് കോളജിന്റെ പ്രൊപ്രൈററരും ഉടമസ്ഥനും, 2-ാം പ്രതി മാനേജരും, 3-ാം പ്രതി പ്രിൻസിപ്പാളും ആകുന്നു.
2) 1927 ജൂൺമാസം മുതൽ അന്യായക്കാരൻ 75 ക. ശമ്പളത്തിൽ ടി കോളജിലെ ഇംഗ്ലീഷു ട്യൂട്ടറും അസിസ്റ്റന്റ് ലക്ചററും ആയിരുന്നു. 1928 ജൂലൈയ് 10 ലെ കൽപനപ്രകാരം പുതിയ ശമ്പളത്തോതിലും നിശ്ചയത്തിന്മേലും അന്യായക്കാരൻ അവിടെ അസിസ്റ്റന്റ് ഇംഗ്ലീഷ് ലക്ചറർ ആയി നിയമിക്കപ്പെടുകയും അന്നു മുതൽ അതനുസരിച്ചു പ്രവൃത്തി എടുത്തു തുടങ്ങുകയും ചെയ്തിട്ടുള്ളതാകുന്നു.
3) കൊല്ലത്തിൽ 10ക. പ്രകാരമുള്ള കൂടതലോടുകൂടി മാസം ഒന്ന് 100 ക. മുതൽ 150ക. വരെയുള്ള ശമ്പളത്തോതിലാണു അന്യായക്കാരൻ നിയമിക്കപ്പെട്ടിട്ടുള്ളത്. ആ കൽപനയിലെ നിർദ്ദേശം അനുസരിച്ച് അന്യായക്കാരൻ പ്രസ്തുത ജോലി തൃപ്തികരമായി നടത്തിവരികയും ചെയ്തു.കൂടുതൽ ആകർഷങ്ങളായ സ്ഥാനങ്ങളെ ഉപേക്ഷിച്ചാണു അന്യായക്കാരൻ പ്രസ്തുത കരാറു അംഗീകരിച്ചിട്ടുള്ളത്. അതു പ്രതിക്കു അറിയാവുന്ന സംഗതിയുമാണ്.
4) 10-7-28 ലെ കരാറനുസരിച്ചു അന്യായക്കാരനു കിട്ടേണ്ടതായ ശമ്പളക്കൂടുതൽ കൊല്ലംതോറും യഥാക്രമം കിട്ടിക്കൊണ്ടുവരികയും 1931 ജൂൺ മുതൽ മാസത്തിൽ 130 ക. പ്രകാരം ശമ്പളം തന്നുവരികയും 1932 ജൂൺ മുതൽ 140 ക. വീതം കിട്ടുവാൻ അവകാശമാകയും ചെയ്തിട്ടുള്ളതാകുന്നു.
5) 100 ക.യിൽ അധികം ശമ്പളമുള്ള കോളജ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽ 100 ക്ക് 10 ക. വീതം കുറവു ചെയ്യുവാൻ തീർച്ചപ്പെടുത്തിയതായി '32 മാർച്ച് മാസം 3-ാം നു- 2-ാം പ്രതി ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. അതുണ്ടായതു ടി, ഉദ്യോഗസ്ഥന്മാരുടെ സമ്മതത്തോടുകൂടിയല്ല. അന്യായക്കാരൻ അതിനെക്കുറിച്ചു തക്കസമയത്തു അറിയുകയോ ഏതെങ്കിലും വിധത്തിൽ സമ്മതിക്കുകയോ ഉണ്ടായിട്ടില്ല.
6) അങ്ങിനെ ശമ്പളക്കുറവു ചെയ്യുന്നതിന്നു ടി വിജ്ഞാപനത്തിൽ പറയുന്ന കാരണങ്ങളൊന്നും ശരിയല്ലെന്നു മാത്രമല്ല, ഒരു സ്വതന്ത്രസ്ഥാപനമായ കോളജിലേയ്ക്കു തീരെ ബാധകവുമല്ല. എന്നു മാത്രമല്ല, 1-ാം പ്രതിദാരുടെ അധീനത്തിലുള്ള ഇതര വിദ്യാലയങ്ങളിൽ ഇങ്ങനെ ഒരു ശമ്പളക്കുറവു ചെയ്തതായും അറിയുന്നില്ല.
7) തലേ മാസത്തെ ശമ്പളം പിറേറമാസം ആദ്യം കൊടുക്കുന്ന സാധാര പതിവനുസരിച്ചു ഫെബ്രുവരി മാസത്തിൽ പണി എടുത്തു കഴിഞ്ഞതിനുള്ള ശമ്പളം മാർച്ച് ആദ്യത്തിലാണു കൊടുക്കൽ-വാങ്ങൽ ചെയ്യുന്നത്. ഫെബ്രുവരി ശമ്പളം മുതൽക്കു കുറവു ചെയ്തിരിക്കുന്നു എന്നുള്ള പ്രഖ്യാപനമുണ്ടായതുതന്നെ മാർച്ച് 30 തിനാണ്. അത് ഏതുനിലക്കും സാധാരണ മര്യാദയ്ക്കുപോലും വിരുദ്ധമാണ്.
8) ഇങ്ങനെ കോളജ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയുന്നതിനു മാനേജർക്കു അധികാരമില്ല. മററുള്ള ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ ഏതുവിധമായിരുന്നാലും പ്രത്യേക കരാറുപ്രകാരം ജോലി നടത്തുന്ന അന്യായക്കാരനെ സംബന്ധിച്ചിടത്തോളം ഏതു നിലയിലും ശമ്പളം കുറക്കുന്നതിനു മാനേജർക്ക് അധികാരമില്ലാത്തതും

അതു അന്യായക്കാരനു ബാധകമല്ലാത്തതുമാകുന്നു. മാനേജരുടെ മേൽപ്പറഞ്ഞ തീർപ്പിനെക്കുറിച്ചു ആക്ഷേപിച്ചും ബാധകമല്ലെന്നു കാണിച്ചും മററും അന്യായക്കാരൻ 4-8-'32 -ൽ തന്നെ 2-ാം, പ്രതിയ്ക്കു എഴുത്തയച്ചിട്ടുള്ളതാകുന്നു.

9) ഫെബ്രുവരി, മാർച്ച്, ഈ മാസങ്ങളിൽ 130 ക. വീതം അന്യായക്കാരനു കിട്ടേണ്ടതായ ശമ്പളത്തിലേക്കു രണ്ടുതവണ 117 ക. വീതം എത്തിച്ചു തന്നിട്ടുള്ളതും ബാക്കിയുള്ള 26 ക.യും ഏപ്രിൽ മാസത്തിലെ ശമ്പളം 130 ക.യും ഇപ്പോൾ കിട്ടേണ്ടതും അതിനായി ഈ വ്യവഹാരം ബോധിപ്പിക്കുന്നതും ആകുന്നു. പത്തു ശതമാനപ്രകാരമുള്ള ശമ്പളക്കുറവിനു അന്യായക്കാരൻ സമ്മതിക്കുകയോ സമ്മതിച്ചുകൊണ്ടോ സമ്മതിച്ച മാതിരിയിലോ ശമ്പളം സ്വീകരിക്കുകയോ ഉണ്ടായിട്ടില്ലാത്തതും അതിനു സംഗതിയില്ലാത്തതും 11-4-'32 ലും 4-5-'32 ലും ശമ്പളബാക്കിയും മററും അന്യായക്കാരൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടുള്ളതാകുന്നു.

10) ഈ ശമ്പളക്കുറവുനെക്കുറിച്ചു ആക്ഷേപിച്ചതുകൊണ്ടും അതിനു വഴിപ്പെടാത്തതുകൊണ്ടും ഉള്ള മുഷിച്ചൽ നിമിത്തം ദുഷ്ട വിചാരത്തിന്മേലും മനഃപൂർവ്വമായും കരാറു നിശ്ചയങ്ങൾക്കും കീഴ്നടപടികൾക്കും തീരെ വിരുദ്ധമായും, '32 ജൂൺ 15 മുതൽ അന്യായക്കാരനെ ഉദ്യോഗത്തിൽ നിന്നു നീക്കിയിരിക്കുന്നതായി 5-5-'32 ൽ ഒരു കൽപന പുറപ്പെടുവിച്ചിരിക്കുന്നു. ആ കൽപന നിയമപ്രകാരം അസാധുവും, അധികാരത്തിൽ കവിഞ്ഞതും, കരാറിനു വിരോധവും, അന്യായക്കാരനു ബാധകമല്ലാത്തതും ആണ്. മേയ്മാസം മുതലുള്ള ശമ്പളത്തിന്നും, ജൂൺ 15-ാം തീയതിക്കുശേഷം അന്യായക്കാരനെ ഉദ്യോഗത്തിൽ ഇരുത്താതെ കരാറുലംഘനം ചെയ്യുന്നപക്ഷം അതുനിമിത്തമുള്ള നഷ്ടങ്ങൾക്കും, അന്യായക്കാരൻ അതാതുസമയം വഴിയേ വ്യവഹാരങ്ങൾ കൊടുത്തുകൊള്ളാവുന്നതും അതിന്നു അനുവദിക്കേണ്ടതും ആകുന്നു.

11) ജൂൺ 15-ാം തീയതിക്കു മുമ്പുതന്നെ കോളജ് തുറക്കുന്നതാണ്. കോളജ് പൂട്ടുന്നതുവരെ പ്രവൃത്തി എടുത്തതുകൊണ്ട് പൂട്ടുകാലത്തെ മുഴുവൻ ശമ്പളത്തിന്നും അന്യായക്കാരൻ അർഹനായിത്തീർന്നിട്ടുള്ളതും നടപടി അനുസരിച്ചു തുറക്കുന്ന തീയതിക്കു ഹാജരാക്കുന്നതിനും കരാറുപ്രകാരം പ്രവൃത്തി തുടരുന്നതിനും അന്യായക്കാരൻ ഒരുക്കമുള്ളതും ആകുന്നു.

12) അന്യായക്കാരൻ 2-ാം പ്രതിയ്ക്കയച്ച ലോയർ നോട്ടീസിനു 2-ാം പ്രതി തീരെ നേരുകേടായ സംഗതികൾ കാണിച്ചും അന്യായക്കാരന്റെ അവകാശത്തെ നിഷേധിച്ചും ഒരു മറുപടി അയച്ചിരിക്കുന്നു.

13) തൃശ്ശിവപേരൂർ റോമൻ കത്തോലിക്കാ രൂപതയുടെ ബിഷപ്പും അധിപതിയും കോളജിന്റെ ഉടമസ്ഥനും 1-ാം പ്രതിദാരാണ്. അന്യായപ്പെടുന്ന നിവൃത്തികൾക്കു 1-ാം പ്രതിദാരും തൃശ്ശിവപേരൂർ റോമൻ കത്തോലിക്കാ രൂപതയുടെ സ്വത്തുക്കളും സെന്റ്തോമസ് കോളജ് വക സ്വത്തുക്കളും ഉത്തരവാദികളാകുന്നു.

14) നിശ്ചിത തീയതികളിൽ കൃത്യമായി കിട്ടേണ്ടതും തരുവാൻ ബാദ്ധ്യതപ്പെട്ടതും ആയ ശമ്പളം അതാതുസമയം തരാത്തതുകൊണ്ട് ആ സംഖ്യകൾക്കു നഷ്ടനിലയിൽ അരവീതം പലിശ കിട്ടുവാൻ അവകാശമുള്ളതാകുന്നു.

15) വ്യവഹാരകാരണം '32 ഫെബ്രുവരി ശമ്പളത്തിന്നു മാർച്ച് ആദ്യം മുതൽക്കും മാർച്ചിലെ ശമ്പളത്തിന്നു ഏപ്രിൽ ആദ്യം മുതൽക്കും ഏപ്രിലിലെ ശമ്പളത്തിന്നു മേയ് ആദ്യം മുതൽക്കും അതിനു ശേഷവും ഈ കോർട്ടധികാരത്തിൽപെട്ട തൃശ്ശിവപേരൂർ വില്ലേജിൽ വെച്ചു ഉത്ഭവിച്ചു.

അപേക്ഷകൾ

അതുകൊണ്ടു കോടതിയിലെ ദയവുണ്ടായി

എ) താഴെ ചേർക്കുന്ന കണക്കുപ്രകാരമുള്ള ശമ്പളബാക്കിയും പലിശയും മേലാൽ അരവീതം പലിശയും ഈ വ്യവഹാരത്തിലെ എല്ലാ കോർട്ടുചിലവുകളും മേലാൽ അരവീതം പലിശയും നഷ്ടനിലയിലും കരാറനുസരിച്ചും നിയമപ്രകാരവും റോമൻ കത്തോലിക്കാ രൂപതയുടെയും സെന്റ് തോമസ് കോളജിലേയും സ്വത്തുക്കൾ കൊണ്ടും അന്യായക്കാരനു കൊടുപ്പാൻ കൽപിച്ചും

ബി) വ്യവഹാരമദ്ധ്യേ, ലരേ. ലരേ.

സല വിവരം

1982 ഫെബ്രുവരിമാസത്തിലെ ശമ്പളബാക്കി 13- ക. യും, മാർച്ചിലെ ശമ്പളമാക്കി 18- ക. യും ഏപ്രിലെ മുഴുവൻ ശമ്പളം 180 ക.യും ഇപ്പോൾ ആകെ വരേണ്ടും.

| | |
|---|---|
| സംഖ്യ | ക. 156 - 0 - 0 |
| ഇതിനു അതാതു നുകൾ മുതൽക്കു 1/2 വീതം പലിശ | ക. 0 -15-6 |
| വക രണ്ടിൽ | ക. 156 - 15 - 6 |
| ഇതിനു കോർട്ടുഫീസ് | ക. 10 - 0 - 0 |
| റജിസ്റ്റർ കത്തിന് | ക. 0 - 2 - 6 |
| അന്യായപകർപ്പുകൾക്കു | ക. 3 - 0 - 0 |

രേഖകൾ ഒന്നും ഇപ്പോൾ ഹാജരാക്കീട്ടില്ല.

*19th May 1932*

(തുടരും)

# പാരിസ്ഥിതിക സ്ത്രീവാദം

ഡോ.മിനി പ്രസാദ്
*മാർത്തോമ്മാ കോളജ്, ചുങ്കത്തറ*

പുരുഷകേന്ദ്രീകൃതമായൊരു മൂല്യവ്യവസ്ഥിതിക്കെതിരെ സ്ത്രീ കൂട്ടായ്മ ശക്തമായത് ആയിരത്തിത്തൊള്ളായിരത്തി അറുപതുകളോടെയാണ്. ചരിത്രത്തിന്റെയും സംസ്ക്കാരത്തിന്റെയും തങ്ങൾ പുരുഷന്മാർക്കൊപ്പമാണെന്ന ബോദ്ധ്യമായിരുന്നു. ഈ കൂട്ടായ്മയുടെ പ്രേരകശക്തി. സ്ത്രീവാദത്തിന്റെ പരിവർത്തന വിധേയമാകുന്ന മുഖമാണ് പാരിസ്ഥിതിക സ്ത്രീവാദം. ലോകത്തിന്റെ താളം തെററിയ അവസ്ഥകളിൽ നിന്ന് അതിന്റെ സ്വഭാവികതയിലേക്ക് തിരികെക്കൊണ്ടുപോകാൻ സ്ത്രീക്കാണു കഴിയുക എന്ന ബോധമാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന് (Eco-feminism) അടിസ്ഥാനമായത്. അടിച്ചമർത്തലും ചൂഷണവും പുരുഷനിൽ നിന്നും പുരുഷ കേന്ദ്രീകൃതമായൊരു ലോകത്തുനിന്നും ഏററുവാങ്ങേണ്ടിവരുന്ന സ്ത്രീയുടെയും ഭൂമിയുടെയും നൊമ്പരങ്ങൾ സമമാണെന്നും സ്ത്രീയും ഭൂമിയും ഒന്നിച്ച് മോചിപ്പിക്കപ്പെടേണ്ടതാണെന്നും ഇക്കോ ഫെമിനിസ്റ്റുകൾ വിശ്വസിക്കുന്നു. മനുഷ്യസമൂഹം വ്യവസായ വിപ്ലവത്തിലൂടെയും യാന്ത്രിക മുന്നേററത്തിലൂടെയും ഇല്ലായ്മ ചെയ്ത ഭൂമിക്ക് അതിന്റെ സുന്ദരാവസ്ഥകൾ തിരികെ നൽകാൻ എന്തു ചെയ്യാനാവും എന്ന ചോദ്യത്തിനുത്തരമായി ഈ ദർശനം നിൽക്കുന്നു.

1942 ഫ്രാങ്കോ ഡി.യൂബോണാണ് (Francoise 'D' Eubonne) ഈ പദം ആദ്യമായി ഉപയോഗിച്ചത്. ഭൂമിയുടെ നിലനിൽപ്പിനുള്ള അവസാനത്തെ ഉപാധി എന്ന നിലയിലായിരുന്നു അവർ ആ പദംപോലും സ്വീകരിച്ചത്. 1962-ൽ റേച്ചൽ കാഴ്സന്റെ (Rachel Carson) 'The Silent Spring' എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടു. പക്ഷികൾ പാടാത്ത പൂക്കൾ ചിരിക്കാത്ത ഒരു വസന്തം വരുമെന്നും അതിനു കാരണക്കാരൻ മനുഷ്യൻ തന്നെയായിരിക്കുമെന്നുമുള്ള ഓർമ്മപ്പെടുത്തലായിരുന്നു അത്. ഇതിനും വളരെമുൻപ് 1887-ൽ ഓഡുബാൻ മാസികയിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ സീലിയ ടെക്സ്റ്റാർ (Celia Textar) പക്ഷികളെ സ്റ്റഫു ചെയ്യുന്നതിനെതിരെയും പക്ഷിത്തൂവൽ കൊണ്ട് അലങ്കാര വസ്തുക്കൾ ഉണ്ടാക്കുന്നതിനെതിരെയും രോഷത്തോടെ പ്രതികരിക്കുന്നുണ്ട്. പ്രകൃതിയുടെ സഹജാവസ്ഥകൾക്കു നേരെ മനുഷ്യന്റെ കയ്യേററം നടക്കുന്നതിനെതിരെ സ്ത്രീയുടെ നിലവിളി ആദ്യം ഉണരുന്നതിവിടെയാവണം. റേച്ചൽ കാഴ്സണെയോ സീലിയാ ടെക്സ്റ്റാറെയോ ഇക്കോ ഫെമിനിസ്റ്റുകൾ എന്ന രീതിയിലല്ല ഇവിടെ പരമാർശിക്കുന്നത്. ഭ്രാന്തുപിടിച്ച ഗതിവേഗങ്ങൾക്കിടെ കാൽക്കീഴിലമരുന്ന നിലവിളികൾക്ക് കാതോർക്കാൻ പുരുഷന് ആർദ്രത കൈമോശം വന്നപ്പോൾ അതേ പ്രശ്നത്തെ വികാരപരമായും ശാസ്ത്രീയമായും തിരിച്ചറിയുന്നതും ശമനമാർഗങ്ങൾ തേടുന്നതും സ്ത്രീയാണ് എന്ന സത്യം ഓർമ്മിപ്പിക്കുക മാത്രം.

സാങ്കേതിക വിദ്യയുടെ കടന്നുകയററത്തിനിടെ മനുഷ്യസമൂഹവും പ്രകൃതിയും തമ്മിലൊരു വിടവു സംഭവിച്ചു. ഈ അന്യവത്ക്കരണത്തിനെതിരെ അവനെ പ്രകൃതിയുമായുള്ള ഗാഢപാരസ്പര്യത്തിലെത്തിക്കുകയാണ് ഇന്ന് ആവശ്യം. ഒരു ദേശത്തിന്റെയോ ഒരു രാജ്യത്തിന്റെയോ മാത്രം പ്രശ്നമല്ല ഇത്. ലോകത്തിന്റെ മുഴുവനായുള്ള പ്രശ്നമാണിത്.

പ്രപഞ്ചത്തിന്റെ അന്തരാത്മാവിനെക്കുറിച്ചുള്ള ബോധ്യം. നാം കൈയിലെടുക്കുന്ന ഒരു പിടി മണ്ണിൽപ്പോലും അനേകം ചരങ്ങളുണ്ട് എന്നറിയുന്നതോടെ രാജ്യം, വർഗം, ദേശം എന്നീ വേർതിരിവുകളും മാഞ്ഞുപോകും. അതുകൊണ്ടുതന്നെ പുരുഷനിൽ നിന്നുള്ള മോചനം മാത്രം ലക്ഷ്യമാക്കി അവന്റെ ചേഷ്ടകളും വസ്ത്രധാരണരീതിയും അനുകരിച്ച സ്ത്രീവാദത്തിൽ നിന്നും പാരിസ്ഥിതിക സ്ത്രീവാദം വ്യത്യസ്തമാണ്. പാരിസ്ഥിതികവും സാമ്പത്തികവുമായൊരു ഉണർവ്വിലൂടെ സ്ത്രീയും അധഃസ്ഥിത കീഴാളവർഗ്ഗവും ഒപ്പം ഭൂമിയും സ്വതന്ത്രരാവണം എന്ന കാഴ്ചപ്പാടാണ് ഇക്കോ ഫെമിനിസത്തിന്റേത്. ചൂഷണം നേരിടുന്ന സകലതിനൊപ്പമാണ് സ്ത്രീയും എന്നതിനാൽ സ്ത്രീക്കു മാത്രമായൊരു മോചനമാവശ്യമില്ലെന്ന് ഇക്കോഫെമിനിസം വിശ്വസിക്കുന്നു. സകലതിനോടും ചേർന്നൊരു പടയൊരുക്കം സഹവർത്തിത്വത്തിന്റെ മാർഗ്ഗമാണാവശ്യം. ചൂഷണം എന്ന വാക്കിനു നേരെ പിടഞ്ഞുണരുന്ന മനോഭാവം സഹതാപമാണെങ്കിലും സഹഭാവമാണ് (empathy) ഇക്കോ ഫെമിനിസത്തിന്റെ അടിസ്ഥാനഭാവം. ഇപ്പോൾ ഭൂമി നമ്മിൽ നിന്നാവശ്യപ്പെടുന്നത് ശ്രദ്ധയാണ്. നമ്മുടെ ശരീരം തന്നെ ഒരു ഗ്രഹമാണെന്നും നാം അധിവസിക്കുന്ന ഈ. നീലഗ്രഹത്തിലെ ജീവന്റെ വലിയ വലയിലെ ഒരു കണ്ണി മാത്രമാണ് നാമെന്നുമുള്ള ബോദ്ധ്യമാണ് ഇന്ന് മനുഷ്യരാശിക്കാവശ്യം. ഇതിനുവേണ്ട മനോഭാവം സഹഭാവമാണ്. തന്റെ ചുററുമുള്ള എന്തിനെയും വസ്തുക്കളായി മാത്രം സ്വീകരിച്ച പുരുഷമനോഭാവത്തിൽ നിന്നും സുക്ഷിക്കാനും സംരക്ഷിക്കാനും കഴിയുന്ന സ്ത്രൈണ സത്തയിലേക്കുള്ള മടക്കമാണിത്.



പൊതുവായി ചൂഷണമനുഭവിക്കുന്ന എന്തിനോടും ഇക്കോഫെമിനിസം സഹവർത്തിത്വവും സഹഭാവവും പുലർത്തുന്നു. ഭൂമി നഷ്ടപ്പെടുന്ന കീഴാളരോടും, വികസനത്തിന്റെ പേരിൽ കുടിയിറക്കപ്പെടുന്നവരോടും കാട് നഷ്ടപ്പെടും ആദിവാസികളോടും വ്യവസായ മാലിന്യങ്ങളാൽ കഷ്ടപ്പെടുന്നവരോടും വെട്ടിനശിപ്പിക്കപ്പെടുന്ന വനസമ്പത്തിനോടും കുടിയററു പോകുന്ന ജന്തുവിഭാഗങ്ങളോടും സഹഭാവമാണവർക്ക്. ഇവയോരോന്നും തന്റെയും നൊമ്പരങ്ങളാണെന്നറിഞ്ഞ്.ഏററുവാങ്ങുകയാണിവിടെ. ചൂഷണത്തിന്റെ സമാനമായൊരു മുഖം, ഇവ അവതരിപ്പിക്കുന്നുണ്ടല്ലോ. മൂന്നാം ലോകരാജ്യങ്ങളെ സംബന്ധിച്ചാവുമ്പോൾ വെള്ളത്തിനും വനത്തിനും ഭൂമിക്കുമായുള്ള നിലവിളി സ്ത്രീയുടേതുമാവുന്നു. പാചകാവശ്യത്തിനുള്ള വിറകിനും കുടിവെള്ളത്തിനുമായി മൈലുകളോളം സഞ്ചരിക്കുന്നത് സ്ത്രീയാണ്. ചിപ്കോ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഹിമാലയ സാനുക്കളിലെ മരങ്ങൾ പുണർന്നുനിന്ന സ്നേഹവും ശക്തിയും സൈലന്റ് വാലി പ്രക്ഷോഭവും സഹഭാവത്തിന്റെ മാർഗ്ഗങ്ങളാണ്. വടക്കേയിന്ത്യൻ ഗ്രാമങ്ങളിലെ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരത്തെപ്പററി അന്വേഷിക്കാൻ വി.പി.സിംഗ് സർക്കാർ നിയമിച്ച രാമമൂർത്തി കമ്മററി ഗ്രാമാന്തരങ്ങളിൽ കുടിവെള്ളം എത്തിക്കാനായിരുന്നു ശുപാർശ ചെയ്തത്. ഭൂമിയുടെ ബലഹീനതകൾ സ്ത്രീയെ എപ്രകാരം പ്രാന്തവത്ക്കരിക്കുന്നു എന്നതിനുദാഹരണമാണ് രാമമൂർത്തി കമ്മററി ശുപാർശ. ഇവിടെയൊരു സംശയം സ്വാഭാവികമാണ്. പഴമയിലേക്കുള്ള മടക്കമാണോ ഈ പ്രസ്ഥാനം? പഴമയുടെ പുനരുജ്ജീവനമല്ല പഴമയിൽ നിന്നും നന്മ സ്വാംശീകരിച്ചുകൊണ്ടുള്ള ഒരു. പുനരേതീകരണമാണിത്. ■

# Minority Rights

Dr. P.S. Mohana Kumar
S.S. College, Kalady

The Supreme Court recently redefined the constitutionally guaranteed right of the minorities to establish and administer educational institutions of their choice. The 11 judge Bench agreed that religions and linguistic minorities under Article 30, have to be considered statewise; that Article 30(1) includes the right to establish and administer even professional educational institutions. In this context some of the relevant provisions of the Constitution are given hereunder for the readers.

